കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ-പികെഡി18/1814/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തീയതി: -17-10-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി

പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ-പികെഡി18/1814/2017 തിയ്യതി: 17-10-2017

## പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 29-11-2016 മുതൽ 14-9-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | പി.എം.രതീഷ് കുമാർ<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15-9-2017 മുതൽ 23-9-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രീ.സി.എസ്.സന്തോഷ് | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഐ.സുലൈമാൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എ.നസീറാബാനു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.സി.രാജേശ്വരി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ജിൻസി.എം | 1-4-2016 മുതൽ 31-3-2017 വരെ |
| സെക്രട്ടറി | ശ്രീ.പി.രാജു | 1-4-2016 മുതൽ 28-2-2017 വരെ |
| | ശ്രീ.ഇ.ഷാജഹാൻ | 29-2-2017 മുതൽ 15-3-2017FN വരെ |
| | ശ്രീ.കൃഷ്ണകുമാർ.സി.എസ് (സെക്രട്ടറി ഇൻചാർജ്ജ്) | 15-3-2017 ANമുതൽ 31-3-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| വി.ഇ.ഒ | ശ്രീ.പ്രഭുറാം.എസ് | 1-4-2016 മുതൽ 31-3-2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.എ.സി.സുധാകുമാരി | 1-4-2016 മുതൽ 31-3-2017 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.വി.എച്ച്.അബ്ദുൾകരീം | 1-4-2016 മുതൽ 31-3-2017 വരെ |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | ഡോ.ജെ.സജു | 1-4-2016 മുതൽ വരെ 15-9-2016 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.ജനിൻ ജോസഫ് | 1-4-2016 മുതൽ 31-1-2017 വരെ |
| അസി.സെക്രട്ടറി | ശ്രീ.സി.എസ്.കൃഷ്ണകുമാർ | 1-4-2016 മുതൽ 31-3-2017 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ഫൈസൽ.ഐ | 1-4-2016 മുതൽ 31-3-2017 വരെ |


ഉള്ളടക്കം

ഭാഗം 1

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-11 |
| 12 | അനുബന്ധ പത്രിക | 1-12 |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കുന്നതിൽ കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ് | 2-1 |

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് തയ്യാറാക്കുന്നതിൽ കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ് | 2-1 |
| 2 | ഹോം സ്റ്റേയ്ക്ക് വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ വസ്തു നികുതിയിൽ നഷ്ടം | 2-2 |
| 3 | തൊഴിൽ നികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-3 |
| 4 | കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകളുടേയും രേഖകളുടേയും സൂക്ഷിപ്പ് കാര്യക്ഷമമല്ല | 2-4 |
| 5 | ഡി&ഒ ലൈസൻസ് രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | 2-5 |
| 6 | ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ നിന്നുള്ള വരുമാനം ഉറപ്പു വരുത്തേണ്ടതാണ് | 2-6 |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ് | 3-1 |
| 2 | ഹാജരാകാത്ത ദിവസങ്ങളിൽ സെക്രട്ടറി കൈപ്പറ്റിയ ശമ്പളം നിരാകരിക്കുന്നു | 3-2 |
| 3 | വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ് | 3-3 |
| 4 | വിവിധ പദ്ധതികൾക്കായി മറ്റ് സ്ഥാപനങ്ങൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 3-4 |
| 5 | മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി തുക ചെലവഴിച്ചപ്പോൾ മാനദണ്ഡങ്ങൾ പാലിച്ചില്ല | 3-5 |
| 6 | വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ODF)- നെല്ലിയാമ്പതി ഗ്രാമപഞ്ചാത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം | 3-6 |
| 7 | പഞ്ചായത്ത് കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കിയതിലെ അപാകതകൾ | 3-7 |
| 8 | പി.എച്ച്.സിയിലേക്കുള്ള ലാബ് ഉപകരണങ്ങൾക്കായി മുൻകൂറായി തുക നൽകിയെങ്കിലും ആവശ്യപ്പെട്ട എല്ലാ ഉപകരണങ്ങളും ലഭ്യമായില്ല | 3-8 |

| | | |
|---|---|---|
| 9 | കുഴൽകിണർ സ്ഥാപിക്കൽ-ഭൂജല വകുപ്പിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ് | 3-9 |
| 10 | പാലിയേറ്റീവ് പരിചരണ പരിപാടി - അവലോകനം | 3-10 |
| 11 | ആയുർവേദ ആശുപത്രിയിലേക്കുള്ള മരുന്നുകൾ ലഭ്യമാകുന്നതിലെ കൃത്യത ഉറപ്പാക്കേണ്ടതാണ് | 3-11 |
| 12 | ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം ലാബ് റിപ്പോർട്ട് ലഭ്യമായില്ല | 3-12 |
| 13 | അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്-അവലോകനം | 3-13 |
| 14 | എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഭാഗികമായി മാത്രം ഈടാക്കി പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി | 3-14 |
| 15 | വനം വകുപ്പിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കിയതിനു ശേഷം മാത്രം പ്രവൃത്തികൾ നടത്തേണ്ടതാണ് | 3-15 |
| 16 | മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ഒഴിവാക്കേണ്ടതാണ് | 3-16 |
| 17 | മരാമത്ത് പ്രവൃത്തികൾക്ക് ഒന്നിൽ കൂടുതൽ ടെണ്ടറുകൾ ലഭ്യമായിട്ടും റീടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചത് ക്രമപ്രകാരമല്ല | 3-17 |
| 18 | ഗ്രാമപഞ്ചായത്തിലെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമ മാക്കേണ്ടതാണ് | 3-18 |

## ഭാഗം-IV

## ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-9 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 81301500 രൂപയും പ്രതീക്ഷിത ചെലവ് 90969700 രൂപയുമാണ്.

25-11-2015 മുതൽ 30-9-2016 വരെയുള്ള മിനിറ്റ്സ് ബുക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരിശോധനയ്ക്കായി കൊണ്ടു പോയിട്ടുള്ളതിനാൽ ബജറ്റ് പാസാക്കിയ വിവരം ഉൾപ്പെടുത്തുവാൻ സാധിച്ചിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-17 | 31-7-2017 | 28-7-2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2953667 |
| വരവ് | 25612640 |
| ആകെ | 28566307 |
| ചെലവ് | 25529122 |
| നീക്കിയിരിപ്പ് | 3037185 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ബജറ്റ് പ്രകാരം | തൻ വർഷ | ചെലവ് | വിനിയോഗിക്കാത്ത തുക |
|---|---|---|---|---|

| | അലോട്ട്മെന്റ് | വരവ് | | |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 21834000 | 7928143 | 7928143 | 13905857 |
| വികസനഫണ്ട് എസ്.സി.പി | 3746000 | 75000 | 75000 | 3671000 |
| വികസനഫണ്ട് ടി.എസ്.പി | 2679000 | 0 | 0 | 2679000 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 4182000 | 1169776 | 1169776 | 3012224 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 5742000 | 1697404 | 1697404 | 4044596 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13443000 | 5461683 | 5461683 | 7981317 |
| പെർഫോമൻസ് ഗ്രാന്റ് | 149127 | 149127 | 149127 | 0 |
| എം.എൻ.ആർ.ഇ.ജി.എസ്. | 0 | 3634191 | 3634191 | 0 |
| ബി ഫണ്ട് | 0 | 6280945 | 6280945 | 0 |

# 1-6 പദ്ധതി അവലോകനം (എല്ലാ സ്രോതസ്സുകളിൽ നിന്നുമുള്ള വകയിരുത്തൽ സഹിതം)

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| 156 | 71437375 | 54 | 16481133 | - | 102 | 23 |

2016-17 വർഷത്തിൽ അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 35% പ്രൊജക്ടുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുണ്ട്.
ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 23% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ | പദ്ധതി | നടപ്പാ | ആകെ | ചെല | ചെലവ് |
|---|---|---|---|---|---|

| ഉദ്യോഗസ്ഥർ | കളുടെ എണ്ണം | ക്കിയത് | അടങ്കൽ തുക | വഴിച്ച തുക | ശതമാനം |
|---|---|---|---|---|---|
| വെറ്ററിനറി സർജ്ജൻ | 2 | 0 | 3500000 | 0 | 0 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 6 | 2660900 | 966981 | 36 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 | 200000 | 200000 | 100 |
| വി.ഇ.ഒ | 4 | 2 | 2364000 | 762000 | 32 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 | 2693500 | 1596021 | 59 |
| സെക്രട്ടറി | 29 | 13 | 16619541 | 3602587 | 22 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 102 | 26 | 40849434 | 9154461 | 22 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 200000 | 199083 | 100 |
| അസി.സെക്രട്ടറി | 4 | 0 | 2350000 | 0 | 0 |
| ആകെ | 156 | 54 | 71437375 | 16481133 | 23 |

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 2168522 | 2496504 | (+)327982 | (+)15 |
| നികുതിയേതര വരവുകൾ | 2003668 | 1268913 | (-)734755 | (-)37 |
| ആകെ | 4172190 | 3765417 | (-)406773 | (-)10 |

# 1-8 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസ ത്തിനകം തീരുമാന | തീരുമാനം എടുത്ത തിൽ നിരസിച്ചവ | കാലതാമ സത്തിന്റെ കാരണം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | മെട്ടുത്തവ | | |
| 1 | കർഷക തൊഴിലാളി പെൻഷൻ | - | - | - | - |
| 2 | തൊഴിൽ രഹിത വേതനം | - | - | - | - |
| 3 | വിധവാ പെൻഷൻ | 23 | 23 | 1 | - |
| 4 | വികലാംഗ പെൻഷൻ | 6 | 6 | - | - |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | - | - | - | - |
| 6 | വാർദ്ധക്യകാല പെൻഷൻ | 129 | 129 | 1 | - |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15-9-2017 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. 20700 രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം. | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 29-8-2017 | 7/2017 | റിപ്പോർട്ട് ലഭ്യമായിട്ടില്ല | - |
| 2 | അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 1-4-2013 മുതൽ 13-4-2013 | 2008-09 മുതൽ 2012-13 | 30-3-2013 | - |

# 1-11 ആഭ്യന്തര നിയന്ത്രണ സംവിധാനം

വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന രേഖകളുടെ കൃത്യത മേലുദ്യോഗസ്ഥർ യഥാസമയം വിലയിരുത്തുകയോ ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയോ ചെയ്തിട്ടില്ല. വിവിധ ഡിമാന്റ് രജിസ്റ്ററുകളിൽ വർഷാവസാനം രേഖപ്പെടുത്തിയ

സംക്ഷിപ്തം സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തുകയോ ചെയ്തിട്ടില്ല. ആയതിനാൽ 2016-17 വർഷത്തെ അക്കൗണ്ട് സർട്ടിഫിക്കറ്റിൽ ധാരാളം വിശേഷണങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്. തനത് ഫണ്ട് രേഖകളുടെ സൂക്ഷിപ്പിലും കൃത്യത പാലിച്ചിട്ടില്ല. ആവശ്യമായ എല്ലാ രേഖകളും വൗച്ചറിനോടൊപ്പം സൂക്ഷിക്കുവാനും ശ്രദ്ധിച്ചിട്ടില്ല. തനത് ഫണ്ടിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും ചെലവുകൾ നിയന്ത്രിക്കുന്നതിനും കാര്യക്ഷമമായ നടപടികൾ സ്വീകരിക്കുവാനും ഗ്രാമപഞ്ചായത്ത് ശ്രദ്ധിച്ചിട്ടില്ല. അതാത് സെക്ഷനുകൾ കൈകാര്യം ചെയ്യുന്ന ജോലികൾ കൃത്യമായി നിർവ്വഹിക്കുന്നുണ്ടെന്ന് മേലധികാരികളും ഗ്രാമപഞ്ചായത്തും ഉറപ്പാക്കേണ്ടതാണ്.

25-11-2015 മുതൽ 30-9-2016 വരെയുള്ള മിനിറ്റ്സ് ബുക്ക് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ പരിശോധനയ്ക്കായി കൊണ്ടു പോയിട്ടുണ്ട്. ആയതിന്റെ പകർപ്പ് രേഖാമൂലം ആവശ്യപ്പെട്ടിട്ടും ഓഡിറ്റ് ഹാജരാക്കിയില്ല. എല്ലാ മിനിറ്റ്സുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിൽ വീഴ്ചകളുള്ളതായി ഓഡിറ്റ് വിലയിരുത്തുന്നു. ആയത് പരിഹരിക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

# 1-12 അനുബന്ധ പത്രിക

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# 2-1 ബജറ്റ് തയ്യാറാക്കുന്നതിൽ കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്

2016-17 വർഷത്തെ വിവിധ വരവിനങ്ങളുടെ പരിശോധനയിൽ ബജറ്റ് പ്രകാരം ലക്ഷ്യമിട്ട തുകയും വരവും തമ്മിൽ ഗണ്യമായ അന്തരം ഉള്ളതായി കണ്ടെത്തി.

| ഇനം | ബഡ്ജറ്റ് പ്രകാരം പ്രതീക്ഷിത വരവ് | യഥാർത്ഥ വരവ് | വ്യത്യാസം | വ്യതിയാനത്തിന്റെ ശതമാനം |
|---|---|---|---|---|
| വസ്തു നികുതി | 2700000 | 1601504 | 1098496 | -41 |
| തൊഴിൽ നികുതി | 1110000 | 895000 | 215000 | -19 |
| പരസ്യ നികുതി | 5000 | 0 | 5000 | -100 |
| ആകെ നികുതി വരവ് | 3815000 | 2496504 | 1318496 | -35 |
| വാടക | 850000 | 692846 | 157154 | -18 |

| | | | | |
|---|---|---|---|---|
| ഡി&ഓ ലൈസൻസ് | 85000 | 93300 | 8300 | 1 |
| ബിൽഡിംഗ് പെർമിറ്റ് ഫീ | 10000 | 22482 | 12482 | 125 |

ബജറ്റ് തയ്യാറാക്കുന്നതിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്.

## 2-2 ഹോം സ്റ്റേയ്ക്ക് വസ്തു നികുതി നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ വസ്തു നികുതിയിൽ നഷ്ടം

സഞ്ചയ സോഫ്റ്റ്‌വെയറിലെ വസ്തു നികുതി നിർണ്ണയ വിവരങ്ങളുടെ പരിശോധനയിൽ 2016-17 വർഷത്തെ ഡി&ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം ഹോം സ്റ്റേ ലൈസൻസിനായി അപേക്ഷ സമർപ്പിച്ച് ലൈസൻസ് അനുവദിച്ച കെട്ടിടങ്ങൾക്ക് അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, ലോഡ്ജ് എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് വസ്തു നികുതി നിർണ്ണയിച്ചിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഡി&ഓ ലൈസൻസ് രജിസ്റ്റർ ക്രമ നം. | കെട്ടിട നം. | ഉടമസ്ഥൻ | ലൈസൻസ് രശീതി നം. / തുക | സഞ്ചയ ഫോം 6 പ്രകാരം ഉപയോഗ ക്രമം |
|---|---|---|---|---|
| 28 | 4/112 | ശ്രീ.ജോയ് ആന്റണി<br>സിസിലിയ ഹെറിറ്റേജ് | രശീതി നം.- 489/14-3-2016<br>തുക – 2000/- | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, ലോഡ്ജ്, സിനിമ തിയറ്റർ |
| 35 | 5/284 | ശ്രീ.ഡഗ്ലസ് മെൻഡസ് റോബിൻസ് കോട്ടേജ് | രശീതി നം.- 706/31-3-2016 തുക – 2000/- | |
| 34 | 4/105 to4/108 | കൈലാസ് പ്ലാന്റേഷൻസ് | രശീതി നം.- 562/22-3-2016 തുക – 2000/- | |
| 46 | 5/96 | ശ്രീ.ജോൺസൺ മിഡ്‌ലാന്റ് റസിഡൻസി | രശീതി നം.- 489/14-3-2016 തുക – 2000/- | |

സ.ഉ (അ) നം.36/2015/ത.സ്വ.ഭ.വ, തിയതി 24-2-2015 പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ എന്നിവയ്ക്കുള്ള വസ്തു നികുതിയുടെ നിരക്ക് സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അതു പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ എന്നീ ഉപയോഗ ക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് നിരക്ക് നിശ്ചയിച്ചിട്ടില്ല എന്ന് സഞ്ചയ സോഫ്റ്റ്‌വെയറിലെ പരിശോധനയിൽ ബോധ്യപ്പെട്ടു. ഹോം സ്റ്റേയ്ക്ക് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് കുറഞ്ഞത് ചതുരശ്രമീറ്ററിന് 30 രൂപയും, പരമാവധി 60 രൂപയും വസ്തുനികുതി നിർണ്ണയിക്കാവുന്നതാണ്. എന്നാൽ അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, ലോഡ്ജ്, സിനിമ തിയറ്റർ

എന്നീ ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞത് 20രൂപയും, പരമാവധി 40 രൂപയുമാണ് വസ്തുനികുതി നിരക്ക്. മേൽ കെട്ടിടങ്ങൾക്ക് ഉപയോഗ ക്രമം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയം നടത്തിയിട്ടുള്ളതിനാൽ ഗ്രാമ പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്ന ഓഡിറ്റ് വിലയിരുത്തുന്നു.

ഗ്രാമപഞ്ചായത്ത് പരിധിയിൽ എത്ര കെട്ടിടങ്ങൾ ഹോംസ്റ്റേ ആവശ്യത്തിനായി ഉപയോഗിക്കുന്നുണ്ടെന്ന് അറിയിക്കുന്നതിനും, ഹോം സ്റ്റേയ്ക്ക് സർക്കാർ നിരക്ക് നിലവിലുണ്ടായിട്ടും മേൽ കെട്ടിടങ്ങൾക്ക് അതു പ്രകാരമുള്ള വസ്തു നികുതി നിർണ്ണയം നടത്താത്തതിന് വിശദീകരണം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.4, തിയതി - 18-9-2017) വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കെട്ടിടങ്ങളുടെ ഫോം 6 ന്റെ പകർപ്പ് ഹാജരാക്കുക മാത്രമാണ് മറുപടിയിൽ ലഭ്യമാക്കിയത്. ഈ വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തി നഷ്ടം നിജപ്പെടുത്തി ഈടാക്കുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ്‌വെയറിലെ റിപ്പോർട്ട് പ്രകാരം ആകെ രണ്ടു കെട്ടിടങ്ങൾക്ക് ഉപയോഗക്രമം ഹോം സ്റ്റേ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ഗണത്തിലുള്ള കെട്ടിടങ്ങളുടെ നിരക്ക് ഗ്രാമപഞ്ചായത്തിൽ നിശ്ചയിച്ചിട്ടില്ലാത്തതിനാൽ ഫോം 6 ൽ അടിസ്ഥാന വസ്തുനികുതി നിരക്കിന്റെ കോളം ശൂന്യമായി കിടക്കുകയും അതിന്റെ ഫലമായി ഈ കെട്ടിടങ്ങളുടെ വസ്തുനികുതി പൂജ്യം എന്നമാണ് ഡിമാന്റ് വന്നിട്ടുള്ളത്. കെട്ടിടങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം. | ഉടമസ്ഥൻ | തറ വിസ്തീർണ്ണം (ച.മീ) | ഏറ്റവും കുറഞ്ഞ നിരക്കിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി | ഇളവ്/വർദ്ധനവ് | 2016-17 വർഷത്തിൽ ഡിമാന്റ് ചെയ്തത് | ഡിമാന്റ് ചെയ്യേണ്ട വാർഷിക വസ്തു നികുതി* |
|---|---|---|---|---|---|---|
| 3/66 | മാനേജർ,ആനമട എസ്റ്റേറ്റ് | 144 | 4320/- (144*30) | (-)40% 1728/- | 0 | 2592/- |
| 3/161 | മാനേജർ, ഗ്രീൻ ഏക്കേഴ്സ് എസ്റ്റേറ്റ് | 414 | 12420/- (414*30) | (-)40% 4968/- | 0 | 7452/- |
| ഹോം സ്റ്റേയ്ക്ക് വസ്തുനികുതി നിരക്ക് നിശ്ചയിക്കാത്തതു മൂലം ഗ്രാമപഞ്ചായത്തിനുണ്ടായ ഏറ്റവും കുറഞ്ഞ നഷ്ടം | | | | | | 10044/- |

*ചതുരശ്രമീറ്ററിന് ഏറ്റവും കുറഞ്ഞ 30 രൂപ നിരക്ക് പ്രകാരമുള്ള വസ്തുനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം കെട്ടിടങ്ങൾക്ക് ഉപയോഗ ക്രമത്തിനനുസരിച്ച് വസ്തു നികുതി നിരക്ക് പ്രസിദ്ധപ്പെടുത്താതിരുന്നതിനാൽ ഹോംസ്റ്റേകളുടെ കാര്യത്തിൽ മേൽ സൂചിപ്പിച്ച പ്രകാരം 2016-17 വർഷത്തിൽ ഉണ്ടായ കുറഞ്ഞ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കേണ്ടതാണ്. അടിയന്തിരമായി നികുതി പുനക്രമീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 2-3 തൊഴിൽ നികുതി പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

എ) ഡിമാന്റ് രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം രേഖപ്പെടുത്തിയ തുകകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ജീവനക്കാരുടെ തൊഴിൽനികുതി | സ്ഥാപന തൊഴിൽനികുതി |
|---|---|---|
| | വരവ് | വരവ് |
| രജിസ്റ്റർ പ്രകാരം | 801580 | 88070 |
| എ.എഫ്.എസ് പ്രകാരം | 808660 | 86340 |

ബി) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം.9 തീ. 20.9.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം |
|---|---|
| 1 | സിൻഡിക്കേറ്റ് ബാങ്ക് (ഒന്നാം അർദ്ധവർഷം) |
| 2 | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്<br>(രണ്ട് അർദ്ധ വ്രഷങ്ങളിലും) |
| 3 | ബി.എസ്.എൻ.എൽ<br>(രണ്ട് അർദ്ധ വർഷങ്ങളിലും ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടുണ്ട്) |

സി) ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഓഡിറ്റ് അന്വേഷണം നം. 9 തീയതി 20.09.17 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

| ക്രമ | സ്ഥാപനം |
|---|---|

| നം. | |
|---|---|
| 1 | മിൽക്ക് സൊസൈറ്റി, പുലയൻപാറ |
| 2 | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കൈകാട്ടി |
| 3 | ഐ.ടി.എൽ, നെല്ലിയാമ്പതി |
| 4 | ഗ്രീൻ ഏക്കേഴ്സ് എസ്റ്റേറ്റ്** |

**ഡി&ഒ ലൈസൻസിനുള്ള അപേക്ഷയിൽ 12 ജീവനക്കാർ എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

ഈടാക്കുവാൻ വിട്ടുപോയ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം.9, തിയതി – 20-9-2017)

## 2-4 കെട്ടിട നിർമ്മാണ പെർമിറ്റ് ഫയലുകളുടേയും രേഖകളുടേയും സൂക്ഷിപ്പ് കാര്യക്ഷമമല്ല

2016-17 വർഷത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ പ്രകാരം 16 പെർമിറ്റ് അപേക്ഷകൾ ലഭ്യമായിട്ടുണ്ട്. ആയതിൽ 3 അപേക്ഷാ ഫയലുകൾ മാത്രമാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്.

2016-17 വർഷത്തിൽ പെർമിറ്റ് ഫീ ഇനത്തിൽ ഗ്രാമപഞ്ചായത്തിന് 22482 രൂപയുടെ വരവുണ്ട്. പെർമിറ്റ് രജിസ്റ്ററിൽ തൻവർഷത്തെ വരവിന്റെ സംക്ഷിപ്തം എഴുതുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. മേൽ അപാകതകൾ പരിഹരിക്കുവാനാവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് അന്വേഷണം (നം. 9/20-9-2017) നൽകിയെങ്കിലും രേഖകൾ ഹാജരാക്കുകയോ മറുപടി ലഭ്യമാക്കുകയോ ചെയ്തിട്ടില്ല.

കെട്ടിട നിർമ്മാണ പെർമിറ്റിന്റെ രേഖകൾ കൃത്യമാക്കി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾ പരിഹരിച്ച് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 ഡി&ഒ ലൈസൻസ് രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

എ) വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് പരിശോധിക്കേണ്ടതാണ്

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 214

കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 127 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൌണുകൾ | 10 |
| ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 8 |
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/ കയർപിരി ഷെഡ് | 1 |
| ഇതര വ്യവസായ ആവശ്യത്തിനുള്ള | 68 |
| ആകെ | 214 |

2016-17 വർഷത്തെ ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 71 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 60% ൽ കൂടുതൽ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി വിലയിരുത്തുന്നു.

ഈ വിഷയത്തിൽ ആവശ്യമായ പരിശോധന നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ബി) സാനിട്ടറി സർട്ടിഫിക്കറ്റ് ഇല്ലാതെ ലൈസൻസ് അനുവദിച്ച ഭക്ഷ്യോൽപന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് അനുവദിച്ചു

1996 ലെ കേരളാ പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ പട്ടിക V പ്രകാരം അനുമതിപത്രം ആവശ്യമായ വ്യവസായങ്ങളിലുൾപ്പെട്ട ഭക്ഷ്യോൽപന്നങ്ങളുമായി ബന്ധപ്പെട്ട വ്യാപാരങ്ങൾ നടത്തുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഹോട്ടലുകളും റിസോർട്ടുകളും ഉൾപ്പെടെയുള്ള ഭക്ഷ്യോൽപന്ന സ്ഥാപനങ്ങൾക്ക് ഹെൽത്ത് ഇൻസ്പെക്ടറിൽ നിന്നുള്ള സാനിറ്ററി സർട്ടിഫിക്കറ്റില്ലാതെയാണ് ഡി&ഒ ലൈസൻസ് അനുവദിച്ചിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | ലൈസൻസിയുടെപേര് | ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീ.പി.വി.ബാലൻ (ബാലൻ ടീ ഷോപ്പ്) | 32 |
| 2 | ശ്രീ.സലീം.ടി.എച്ച് (മിസ്റ്റി വാല്ലി ഹിൽ റിസോർട്ട് റെസ്റ്റോറന്റ്) | 56 |
| 3 | ശ്രീ.കുമാരൻ (സൂര്യ ഹോട്ടൽ) | 60 |
| 4 | ശ്രീ.അസ്ഗർ.എം.എസ് (മൈ ഗ്രീൻ വേൾഡ് റസ്റ്റോറന്റ്) | 55 |
| 5 | ശ്രീമതി.സുഹറാബാനു (വനിതാ കാന്റീൻ) | 13 |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 10-1-2013 ലെ 66562/ആർ.സി3/2012/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരവും ഈ വിഷയത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം.9, തിയതി – 20-9-2017)

ഡി&ഒ ലൈസൻസ് അനുവദിക്കുമ്പോൾ ആവശ്യമായ രേഖകൾ ലഭ്യമാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 ഗ്രാമപഞ്ചായത്തിന്റെ ആസ്തികളിൽ നിന്നുള്ള വരുമാനം ഉറപ്പ വരുത്തേണ്ടതാണ്

വാടക രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം ആകെ 36 കെട്ടിടങ്ങളിൽ 25 എണ്ണത്തിൽ നിന്നു മാത്രമാണ് വാടകയിനത്തിൽ വരവുള്ളത്. ശേഷിക്കുന്ന കെട്ടിടങ്ങളിൽ ഏതെങ്കിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്നതിന്റെയും നിഷ്ക്രിയമായി കിടക്കുന്ന കെട്ടിടങ്ങളുടെയും വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.9, തിയതി-20-9-2017) മറുപടി ലഭ്യമാക്കിയിട്ടില്ല. നിഷ്ക്രിയമായി കിടക്കുന്ന കെട്ടിടങ്ങൾ വിനോദ സഞ്ചാര മേഖലയ്ക്ക് പ്രയോജനപ്രദമാകുന്ന രീതിയിൽ ഉപയോഗപ്പെടുത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് അഭിപ്രായപ്പെടുന്നു. ആയതിനായി സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്. കൂടാതെ 2008-09 വർഷം മുതൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി യിൽ നിന്നും വാടക ഈടാക്കുന്നതിന് മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശങ്ങൾ ഉണ്ടായിട്ടും 2016-17 വർഷത്തിലും കെ.എസ്.ഇ.ബി ഓഫീസ് കെട്ടിടത്തിന്റെ വാടകയിനത്തിൽ വരവില്ല. ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗ്രാമപഞ്ചായത്തിലെ തെരുവുവിളക്കുകളുടെ പരിപാലനം കാര്യക്ഷമമാക്കേണ്ടതാണ്

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ അനുബന്ധം III അനുസരിച്ചുള്ള പട്ടികയിലെ ക്രമ നമ്പർ 15 പ്രകാരം തെരുവുവിളക്കുകൾ സ്ഥാപിക്കേണ്ടതും പരിപാലിക്കേണ്ടതും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ആയതിനാൽ ഗ്രാമപഞ്ചായത്തുകൾക്ക് തെരുവു വിളക്കുകളുടെ പരിപാലനത്തിനായി തുക ചെലവഴിക്കേണ്ടത് അനിവാര്യമാണ്. പരിമിതമായ തനത് വരുമാന സ്രോതസ്സുകൾ മാത്രമുള്ള നെല്ലിയാമ്പതി ഗ്രാമപഞ്ചായത്ത് തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജിനത്തിലും അറ്റകുറ്റപണികൾക്കുമായി ചെലവഴിക്കേണ്ടിവരുന്ന തുകയിൽ കുറവു വരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള ശ്രമങ്ങൾ എത്രത്തോളം ഫലപ്രാപ്തിയിലെത്തിയിട്ടുണ്ടെന്ന് പരിശോധിച്ചതിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. തെരുവുവിളക്കുകളുടെ എണ്ണവും വൈദ്യുതി ചാർജ്ജും

നിലവിൽ തെരുവുവിളക്കുകളുടെ പ്രതിമാസ വൈദ്യുതി ചാർജ്ജ് ഒടുക്കി വരുന്നത് വൈദ്യുതി ബോർഡിന്റെ കൃത്യതയില്ലാത്ത കണക്കനുസരിച്ചാണ്. തെരുവുവിളക്കുകളുടെ കൃത്യമായ കണക്ക് ശേഖരിക്കുവാനായി നാളിതുവരെ ഭൗതിക പരിശോധന നടത്തിയിട്ടില്ല. വൈദ്യുതി ബോർഡിൽ നിന്നും രേഖാമൂലം ലഭ്യമായ കണക്കനുസരിച്ചുള്ള തെരുവുവിളക്കുകളുടെ എണ്ണവും പ്രതിമാസ വൈദ്യുതി ചാർജ്ജും താഴെ ചേർക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | 18-4-2017 ന് മുൻപുള്ള നിരക്ക് | 18-4-2017 ലെ നിരക്ക് | നിലവിലെ പ്രതിമാസ വൈദ്യുതി ചാർജ്ജ് |
|---|---|---|---|---|---|
| 1 | സാധാരണ ലാമ്പ് – 40W | 12 | 61 | 66 | 792 |
| 2 | സോഡിയം വേപ്പർ ലാമ്പ് 250 W | 125 | 414 | 447 | 55875 |
| 3 | സി.എഫ്.എൽ - 22W | 103 | 61 | 66 | 3296 |
| 4 | ഫ്ലൂറസെൻെറ് റ്റ്യൂബ് -2*40 W | 189 | 124 | 134 | 25326 |
| ആകെ | | 429 | | | 85289 |

പ്രതിവർഷം 10 ലക്ഷത്തിലധികം രൂപ ഈ ഇനത്തിൽ ചെലവഴിക്കേണ്ടി വരുന്നത് തനത് വരുമാന സ്രോതസ്സുകൾ പരിമിതമായുള്ള ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിന് അധിക ബാധ്യത സൃഷ്ടിക്കുന്നുണ്ട്.

<u>ബി. മീറ്ററിംഗിനായി ഡെപ്പോസിറ്റ് ചെയ്ത തുകകളുടെ വിവരം</u>

തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി 2016-17 വർഷത്തിൽ പ്രൊജക്റ്റ് നം. 194/17 പ്രകാരം പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് ലൈൻ വലിക്കുവാനും മീറ്റർ സ്ഥാപിക്കുവാനുമായി 202450 രൂപ വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ല.

മീറ്ററിംഗ് നിലവിൽ വരുന്നതോടെ നിലവിലില്ലാത്തതും പ്രകാശിക്കാത്തതുമായ ലാമ്പുകൾക്ക് ചാർജ്ജ് ഒടുക്കേണ്ടിവരുന്നത് ഒഴിവാകുന്നതാണ്.

<u>സി. ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്</u>

വൈദ്യുതി ബോർഡിന്റെ കണക്കനുസരിച്ചുള്ള തെരുവുവിളക്കുകളെല്ലാം 24 വാട്ടിന്റെ എൽ.ഇ.ഡി ലാമ്പുകൾ ആക്കുകയാണെങ്കിൽ താഴെ പറയും പ്രകാരം ബിൽ തുക ക്രമീകരിക്കാവുന്നതാണ്.

24 വാട്ടിന്റെ എൽ.ഇ.ഡി ലാമ്പിന്റെ പ്രതിമാസ നിരക്ക് - 20

24 വാട്ടിന്റെ 429 എൽ.ഇ.ഡി ലാമ്പുകളുടെ പ്രതീക്ഷിത ചാർജ്ജ് - 429*20 = 8580

നിലവിലുള്ള വൈദ്യുതി ചാർജ്ജ് - 85289

പ്രതിമാസം പ്രതീക്ഷിക്കാവുന്ന ലാഭം - 76709

വൈദ്യുതി ചാർജ്ജിനത്തിൽ 89% കുറവ് പ്രതീക്ഷിക്കാവുന്നതാണ്.

എൽ.ഇ.ഡി ലാമ്പുകൾക്ക് ശരാശരി 50000 മണിക്കൂർ ആയുസ്സ് ഉള്ളതിനാൽ 10 വർഷത്തിൽ അധികം നിലനിൽക്കുന്നതാണ്. വൈദ്യുതി ചാർജ്ജിനത്തിലെ കുറവ് കൂടാതെ പരിപാലനത്തിനായി ചെലവഴിക്കുന്ന തുകയിലും കുറവ് വരുത്താവുന്നതാണ്. മീറ്ററിംഗ് നിലവിൽ വരുന്നതോടെ കൂടുതൽ നേട്ടം പ്രതീക്ഷിക്കാവുന്നതാണ്.

ഡി. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്തപരിശോധന നടത്തുന്നതിനുള്ള ശ്രമം ഊർജ്ജിതമാക്കി തെരുവു വിളക്കുകളുടെ കൃത്യമായ വിവരം ശേഖരിച്ച് കണക്കുകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2. ഓരോ വർഷവും പുതിയതായി ലാമ്പുകൾ സ്ഥാപിക്കുമ്പോളും നിലവിലുള്ളവ മാറ്റി പുതിയ ഇനം ലാമ്പുകൾ സ്ഥാപിക്കുമ്പോളും കണക്കുകളിൽ മാറ്റം വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്.

3. നിലവിലില്ലാത്ത ലാമ്പുകൾക്ക് വൈദ്യുതി ബോർഡ് തുക ഈടാക്കുന്നുണ്ടെങ്കിൽ ആയത് ക്രമീകരിക്കേണ്ടതാണ്.

4. അറ്റകുറ്റപണികൾക്കാവശ്യമായ ലാമ്പുകൾ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങുവാൻ ശ്രദ്ധിക്കേണ്ടതാണ്.

5. ഊർജ്ജ ഉപഭോഗം കൂടുതലുള്ള ലാമ്പുകൾ മാറ്റി ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള ശ്രമം ഉണ്ടാകേണ്ടതാണ്.

6. മീറ്റർ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ എത്രയും വേഗം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

7. തെരുവു വിളക്കുകളുടെ പരിപാലനത്തിനായി പഞ്ചായത്ത് ഡയറക്ടർ 17-8-2015 ന് പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നം. ഉത്തരവിൽ കൊടുത്തിട്ടുള്ള മാതൃകയിൽ തെരുവു വിളക്ക് മെയ്ന്റനൻസ് രജിസ്റ്റർ സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

തെരുവുവിളക്കുകളുടെ പരിപാലനത്തിനായി ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ഈ വിഷയത്തിന്മേലുള്ള തുടർനടപടികളുടെ വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 20/22-9-2017)

## 3-2 ഹാജരാകാത്ത ദിവസങ്ങളിൽ സെക്രട്ടറി കൈപ്പറ്റിയ ശമ്പളം നിരാകരിക്കുന്നു

2016-17 ൽ പഞ്ചായത്തിൽ സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ.പി.രാജുവിന്റെ ഹാജർ പരിശോധിച്ചതിൽ 13-6-2016 മുതൽ 30-6-2016 വരെയും (18 ദിവസങ്ങൾ) 11-1-2017 മുതൽ 22-1-2017 വരെ (12 ദിവസങ്ങൾ) ടിയാൻ ഹാജർ പുസ്തകത്തിൽ ചുരുക്കൊപ്പ് വെച്ചിട്ടില്ലെന്ന് കണ്ടെത്തി. ആയതിന്റെ കാരണം രേഖപ്പെടുത്തിയിട്ടുമില്ല. ഈ കാലയളവിൽ പ്രത്യേകിച്ച് അവധിക്കായി ടിയാൻ അപേക്ഷിച്ചതായോ മറ്റാർക്കെങ്കിലും ചാർജ്ജ് നൽകിയതായോ കാണുന്നില്ല. 6/2016, 1/2017 എന്നീ മാസങ്ങളിലെ ശമ്പള ബില്ലുകൾ പരിശോധിച്ചതിൽ ടിയാൻ മുഴുവൻ ശമ്പളവും കൈപ്പറ്റിയിട്ടുള്ളതായും ബോധ്യപ്പെട്ടു. മേൽ കാലയളവിൽ ടിയാന്റെ ഹാജർ രേഖപ്പെടുത്താതിരുന്നതിന്റെ വിശദീകരണം ലഭ്യമാക്കുവാനായി 2/15-9-2017 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ടി കാലയളവിൽ ടിയാൻ അവധിയെടുക്കുകയോ ചാർജ്ജ് കൈമാറുകയോ ചെയ്തിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്.

മൂവ്മെന്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ, ട്രഷറി ബിൽ ബുക്ക്, ലോഗ് ബുക്കിലെ ഔദ്യോഗിക യാത്രകളുടെ വിവരം എന്നിവ പരിശോധിച്ചതിൽ താഴെ പറയുന്ന തിയിതികളിൽ സെക്രട്ടറി ഓഫീസിൽ ഹാജരായതിന്റെ തെളിവുകൾ കണ്ടെത്തുവാൻ സാധിച്ചില്ല.

| ക്രമ നം. | ഹാജരാകാത്ത തീയതികൾ | വൗച്ചർ നം., തുക | ആകെ ദിവസങ്ങൾ | കൈപ്പറ്റിയ ശമ്പളം | ഒരു ദിവസത്തെ ശമ്പളം | ഹാജരാകാത്ത ദിവസങ്ങളിലെ ശമ്പളം |
|---|---|---|---|---|---|---|
| 1 | 16-1-17<br>19-1-17<br>22-1-17 | 51600114/<br>13-7-2016 | 3 | 52314 | 1688 | 5064 |
| 2 | 13-6-16 മുതൽ 18-6-2016 വരെ,<br>20-6-2016 മുതൽ 25-6-2017 വരെ,<br>27-6-2017 &<br>29-6-2017 | 51600447/<br>9-2-2017 | 14 | 50973 | 1699 | 23786 |
| ആകെ | | | | | | 28850 |

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ 22-9-2017 ന് ഓഡിറ്റിന് ഹാജരായപ്പോൾ മേൽ

സൂചിപ്പിച്ച അപാകത ബോധ്യപ്പെടുത്തിയിട്ടുണ്ട്.
ഉദ്യോഗസ്ഥൻ സേവനത്തിൽ നിന്ന് വിരമിച്ചതിനാലും ജൂൺ, ജനവരി എന്നീ മാസങ്ങളിൽ മുഴുവൻ ശമ്പളം കൈപ്പറ്റിയിട്ടുള്ളതിനാലും, ഹാജരാകാത്ത ദിവസങ്ങളിലെ ശമ്പളം നിരാകരിക്കുന്നു. ഹാജരാകാത്ത ദിവസങ്ങളിൽ കൈപ്പറ്റിയ ശമ്പളം സെക്രട്ടറിയിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-3 വൈദ്യുതി ബോർഡിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്

തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ എന്ന പ്രൊജക്റ്റ് പ്രകാരം വൈദ്യുതി ബോർഡിൽ 202450 രൂപ തൻവർഷം ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| പ്രോജക്റ്റ് | ബിൽ നമ്പർ & തിയതി | തുക | തുക കൈമാറിയത് |
|---|---|---|---|
| 194/17-തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 40/30-3-2017 | 202450 | കെ.എസ്. ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ നെന്മാറ (Ac/no. 0058 ) |

സ.ഉ(എം.എസ്)നം.4/2016/ത.സ്വ.ഭ.വ തിയതി 11-1-2016 പ്രകാരം പുറപ്പെടുവിച്ച 2016-17 വർഷത്തേക്കുള്ള പദ്ധതി മാർഗ്ഗരേഖയിലെ ഖണ്ഡിക 6.15(x)(സി) അനുസരിച്ച് വൈദ്യുതി ബോർഡുമായി കരാറിൽ ഏർപ്പെട്ട ശേഷം മാത്രമേ മുൻകൂർ അനുവദിക്കാവൂ എന്ന് വ്യവസ്ഥയുണ്ട്. ആയതനുസരിച്ച് കരാർ ഒപ്പുവെക്കാതിരുന്നതിന്റെ കാരണം ബോധിപ്പിക്കുവാനാവശ്യപ്പെട്ട് നൽകിയ 3/15-9-2017 നമ്പർ ഓഡിറ്റ് അന്വേഷണത്തിനു ലഭ്യമാക്കിയ മറുപടിയിൽ കെ.എസ്.ഇ.ബി യുമായി കരാർ ഉടമ്പടി ഒപ്പ് വെക്കുവാനായി കരാർ ഉടമ്പടി പത്രം സമർപ്പിച്ചിരുന്നുവെന്നും കരാർ പത്രത്തിൽ അസിസ്റ്റന്റ് എഞ്ചിനിയർ, കെ.എസ്.ഇ.ബി, നെല്ലിയാമ്പതി എന്ന് കാണിച്ചിരുന്നത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ, കെ.എസ്.ഇ.ബി, കൊല്ലങ്കോട് എന്ന് മാറ്റി നൽകുവാൻ ആവശ്യപ്പെട്ടിരുന്നുവെന്നും അറിയിച്ചിട്ടുണ്ട്. കരാർ പത്രം മടക്കി നൽകിയിട്ടില്ലെന്നും പ്രവൃത്തി നാളിതുവരെ തുടങ്ങിയിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.
എത്രയും വേഗം പ്രവൃത്തി പൂർത്തീകരണം ഉറപ്പാക്കേണ്ടതും തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-4 വിവിധ പദ്ധതികൾക്കായി മറ്റ് സ്ഥാപനങ്ങൾക്ക് കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

2016-17 വർഷത്തിൽ വിവിധ പ്രൊജക്ടുകൾ പ്രകാരം കൈമാറിയ തുകകളുടെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ - സെക്രട്ടറി

| ക്രമ നം. | പ്രൊജക്ടിന്റെ വിവരം | തുക | ബിൽ നം./തിയതി | കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 1 | 52/17-എസ്.എസ്.എ വിഹിതം | 80983<br>440000<br>-------------<br>520983 | 41/30-3-2017<br>15/23-12-2016 | പ്രൊജക്ട് ഓഫീസർ, എസ്.എസ്.എ, പാലക്കാട് |
| 2 | 195/17-സാമൂഹ്യ സുരക്ഷാ മിഷന് തുക നൽകൽ | 500000 | 42/31-3-2017 | സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം |
| 3 | 68/17-തെരുവു നായ്ക്കളുടെ നിയന്ത്രണം | 300000 | 16/23-12-2016 | സെക്രട്ടറി, ജില്ലാ പഞ്ചായത്ത്, പാലക്കാട് |
| 4 | 65/17-പി.എം.എ.വൈ പഞ്ചായത്ത് വിഹിതം നൽകൽ | 100000 | 17/23-12-2016 | സെക്രട്ടറി, നെന്മാറ ബ്ലോക്ക് പഞ്ചായത്ത് |

മേൽ സൂചിപ്പിച്ച തുകകൾ സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റേയും തുക ചെലവഴിച്ചതിന്റേയും രേഖകൾ ഫയലിൽ സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല. 11/22-9-2017 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ ക്രമ നമ്പർ 1, 2 പ്രകാരം യഥാക്രമം എസ്.എസ്.എ, പാലക്കാട്, സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം എന്നീ സ്ഥാപനങ്ങൾക്ക് നൽകിയ തുകകളുടെ രസീതുകൾ ലഭ്യമായതായും, ക്രമ നമ്പർ 3, 4 എന്നിവയുടെ പദ്ധതികൾക്കായി പ്രസ്തുത സ്ഥാപനങ്ങൾക്ക് നൽകിയ തുകകളുടെ രശീതികൾ ലഭിച്ചിട്ടില്ലെന്നുമാണ് അറിയിച്ചത്. എന്നാൽ വിനിയോഗ സാക്ഷ്യപത്രങ്ങളൊന്നും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

മേൽ പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-5 മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും വിവിധ ആവശ്യങ്ങൾക്കായി തുക ചെലവഴിച്ചപ്പോൾ മാനദണ്ഡങ്ങൾ പാലിച്ചില്ല

മരുന്ന വാങ്ങലിനും തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിനുമായി മെയ്ന്റനൻസ് ഗ്രാന്റ്(നോൺ റോഡ്) ചെലവഴിച്ച നടപടി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് അനുസൃതമായിരുന്നോ എന്ന് പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

2016-17 വർഷത്തിൽ മെയ്ന്റനൻസ് ഗ്രാന്റ് വകയിരുത്തി ആവഷ്കരിച്ച വിവിധ പ്രൊജക്റ്റുകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രൊ.നം, പ്രൊജക്റ്റ് | ചെലവ് | ബിൽ നം. / തിയതി | പിൻവലിച്ച തുകകളുടെ വിവരം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 1 | 161/17- തെരുവ് വിളക്കുകളുടെ കറന്റ് ചാർജ്ജ് | 933993 | 13/16-17 /13-12-16 | 267222 | സെക്രട്ടറി |
| | | | 18/16-18 /29-12-16 | 321696 | |
| | | | 21/16-17 /14-1-17 | 121300 | |
| | | | 28/16-17 /6-3-16 | 104078 | |
| | | | 18/16-17 /24-3-17 | 119697 | |
| 2 | | 200000 | 2/16-17 /22-3-17 | 200000 | മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പൻസറി |
| ആകെ | | 1133993 | | 1133993 | |

സ.ഉ(എം.എസ്)നം.330/2004/ത.സ്വ.ഭ.വ തിയതി 9-12-2004 പ്രകാരം പുറപ്പെടുവിച്ച പൊതു ആവശ്യ ഗ്രാന്റ്, സംരക്ഷണ ഗ്രാന്റ് എന്നിവയുടെ വിനിയോഗ മാർഗ്ഗരേഖയിലെ ഖണ്ഡിക 2.2 പ്രകാരം ആവശ്യമെങ്കിൽ പഞ്ചായത്തിന്റെ വിവിധ ആവശ്യങ്ങൾക്ക് പൊതു ആവശ്യ ഗ്രാന്റിനു പുറമേ ആകെ മെയ്ന്റനൻസ് ഗ്രാന്റിന്റെ (റോഡ് + നോൺ

റോഡ്) 10% തുക കൂടി വിനിയോഗിക്കാവുന്നതാണ്. ആശുപത്രികളുടെ മരുന്നുകൾ വാങ്ങുന്നതിനുള്ള തുക കൂടി ഇതിൽ ഉൾപ്പെടുന്നതാണ്.

2016-17 വർഷത്തെ സംസ്ഥാന ബജറ്റിലെ അപ്പന്റിക്സ് IV പ്രകാരം നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ മെയ്ന്റനൻസ് ഗ്രാന്റിന്റെ അലോട്ട്മെന്റ് വിവരം താഴെ ചേർക്കുന്നു.

| മെയ്ന്റനൻസ് ഗ്രാന്റ് | അലോട്ട്മെന്റ് |
|---|---|
| റോഡ് | 4182000 |
| റോഡിതരം | 5742000 |
| ആകെ | 9924000 |

മെയ്ന്റനൻസ് ഗ്രാന്റ് അലോട്ട്മെന്റിന്റെ 10% തുകയായ 992400 രൂപ മരുന്നുകൾക്ക് ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കായി മെയിന്റനൻസ് ഗ്രാന്റിൽ നിന്നും ചെലവഴിക്കാവുന്നതാണ്. 2016-17 വർഷത്തിൽ മെയ്ന്റനൻസ് ഗ്രാന്റിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം വിവിധ ആവശ്യങ്ങൾക്കായി 1133993 രൂപ ചെലവഴിച്ചിട്ടുണ്ട്. അനുവദനീയമായ ചെലവ് പരിധി 992400 രൂപയാണ്. അധികമായി 141593 (1133993-992400) രൂപ ചെലവഴിച്ചത് ക്രമീകരിക്കേണ്ടതാണ്. ആയതു വരെ 141593 രൂപ ഓഡിറ്റിൽ തടസ്സവാദത്തിൽ വെക്കുന്നു. (ഓഡിറ്റ് അന്വേഷണം നമ്പർ 6/19-9-2017)

## 3-6 പഞ്ചായത്ത് കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിലെ കൃത്യത പരിശോധിക്കേണ്ടതാണ്

നിലവിലില്ലാത്ത താഴെ പറയുന്ന കൺസ്യൂമർ നമ്പറുകൾ പ്രകാരം പഞ്ചായത്തിന്റെ കീഴിലുള്ള വിവിധ കെട്ടിടങ്ങൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കിവരുന്നുണ്ട് വൈദ്യുതി ബോർഡിന്റെ രേഖകൾ സൂചിപ്പിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കൺസ്യൂമർ നമ്പർ | പ്രതിമാസ വൈദ്യുതി ചാർജ്ജ് |
|---|---|
| 564 | 1116 |
| 553 | 286 |
| 555 | 288 |
| 556 | 288 |
| 557 | 1346 |

കെ.എസ്.ഇ.ബി, നെല്ലിയാമ്പതി ഇലക്ട്രിക്കൽ സെക്ഷനിലെ സബ് എഞ്ചിനിയറുടെ

23-3-2017 ലെ കത്ത് നം. BB/pznchayath/2016-17/21 പ്രകാരം മേൽ കൺസ്യൂമർ നമ്പർ പ്രകാരമുള്ള കെട്ടിടങ്ങൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഉപയോഗപ്രദമല്ലാത്ത കെട്ടിടങ്ങൾക്ക് വൈദ്യുതി ചാർജ്ജ് ഒടുക്കുന്നതിനുള്ള കാരണം വ്യക്തമാക്കുവാനായി 7/19-9-2017 നമ്പർ ഓഡിറ്റ് അന്വേഷണത്തിനു ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത കൺസ്യൂമർ നമ്പർ പ്രകാരമുള്ള കെട്ടിടങ്ങൾ പഞ്ചായത്ത് ഓഫീസിനു താഴെയുള്ള മുറികളാണെന്നും, മുൻ കാലങ്ങളിൽ സ്റ്റാഫ് ക്വാർട്ടേഴ്സായി ഉപയോഗിച്ചു വന്ന കാലത്ത് പ്രത്യേക കൺസ്യൂമർ നമ്പർ നൽകിയിട്ടുള്ളതാണെന്നും അറിയിച്ചു. ഈ മുറികളിൽ വിവിധ ഫോറങ്ങളും, സ്റ്റോക്ക് അനുബന്ധ സാമഗ്രികളും ശേഖരിച്ച് വയ്ക്കുന്നുണ്ടെന്നും കെ.എസ്.ഇ.ബി അധികൃതർ ഈ വിവരം അറിയാതെ കത്ത് നൽകിയതാണെന്നും അറിയിച്ചിട്ടുണ്ട്.

മേൽ കൺസ്യൂമർ നമ്പറുകൾ പ്രകാരമുള്ള കെട്ടിടങ്ങളുടെ വൈദ്യുതി ചാർജ്ജുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി സബ് എഞ്ചിനിയരുടെ കത്തിലെ വിവരങ്ങളും, പഞ്ചായത്തിന്റെ മറുപടിയും പരസ്പര വിരുദ്ധമായതിനാൽ ഈ വിഷയത്തന്മേൽ കൂടുതൽ അന്വേഷണം നടത്തി യഥാർത്ഥ സ്ഥിതി വിലയിരുത്തേണ്ടതും, എല്ലാ കെട്ടിടങ്ങളുടെയും വൈദ്യുതി ചാർജ്ജ് പരിശോധനാ വിധേയമാക്കി പഞ്ചായത്തിന്റെ തനത് ഫണ്ടിന്റെ ചോർച്ച ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-7 വെളിയിട വിസർജ്ജന വിമുക്ത ഗ്രാമ പദ്ധതി (ODF)- നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിൽ നടന്ന പ്രവർത്തനങ്ങളുടെ അവലോകനം

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ.

തുറസായ സ്ഥലത്ത് മലമൂത്ര വിസർജ്ജനമില്ലാത്ത ഗ്രാമപഞ്ചായത്തായി പ്രഖ്യാപിക്കുന്നതിനായി ബേസ്‌ലൈൻ സർവ്വേ പ്രകാരം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് കക്കൂസ് നിർമ്മാണത്തിനായി വനപ്രദേശങ്ങളിൽ 25400/- രൂപ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. ശുചിത്വ മിഷൻ ജില്ലാ ഓഫീസിന്റെ 3.2.2016 ലെ 580/15 നം. ഉത്തരവിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. ശുചിത്വ മിഷൻ മുഖേന കേന്ദ്ര വിഹിതമായി 12000/- രൂപ വീതം തെരഞ്ഞെടുത്ത ഗുണഭോക്താക്കൾക്ക് നല്കുന്നതിനായി ഗ്രാമപഞ്ചായത്തിന് കൈമാറണമെന്നും നിബന്ധനയുണ്ടായിരുന്നു.

സർക്കാർ ഉത്തരവ് (സാധാ) നം. 2235/2016/തസ്വഭവ തിയ്യതി 25.7.2016 പ്രകാരം വികസന ഫണ്ട് വകയിരുത്തിയാണ് ഗ്രാമപഞ്ചായത്ത് ഈ ആവശ്യത്തിനായി പ്രൊജക്റ്റ് ആവിഷ്കരിച്ചിട്ടുള്ളത്.

എ. 2016-17 വർഷത്തെ പ്രൊജക്ടുകളുടെ വിവരം

1.പ്രൊജക്റ്റ് നം. – 8/17 (ഗാർഹിക കക്കൂസ് നിർമ്മാണം-ഒ.ഡി.എഫ്)

അടങ്കൽ-462000 (വികസന ഫണ്ട്)

ട്രഷറിയിൽ നിന്നും പിൻ വലിച്ച തുക – 462000

2.പ്രൊജക്റ്റ് നം. -9/17 (ഗാർഹിക കക്കൂസ് നിർമ്മാണം-ഒ.ഡി.എഫ് അധികവിഹിതം)

അടങ്കൽ-300000 (വികസന ഫണ്ട്)

ട്രഷറിയിൽ നിന്നും പിൻ വലിച്ച തുക -300000

പിൻവലിച്ച ആകെ തുക -762000 (462000+300000)
നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ

ബേസ്‌ലൈൻ സർവ്വേ പ്രകാരം ഗ്രാമപഞ്ചായത്ത് 31 പേരുടെ ലിസ്റ്റ് തയ്യാറാക്കിയിരുന്നു. ആയതിൽ 30 പേരുടെ കക്കൂസ് നിർമ്മാണം പൂർത്തീകരിക്കുന്നതിനായി 762000 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ച് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | ബിൽ നമ്പരും തിയ്യതിയും | തുക |
|---|---|---|
| 1 | 1/20-9-16 | 400000 |
| 2 | 2/29-9-16 | 100000 |
| 3 | 3/29-9-16 | 62000 |
| 4 | 4/19-10-16 | 200000 |
| ആകെ | | 762000 |

ട്രഷറിയിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം പിൻവലിച്ച തുക നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും താഴെ പറയും പ്രകാരം ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

| | |
|---|---|
| 24 പേർക്ക് 25400 രൂപ വീതം | 609600 |
| 2 പേർക്ക് 20000 രൂപ വീതം | 40000 |
| ആകെ | 649600 |

ട്രഷറിയിൽ നിന്നും അധികമായി പിൻവലിച്ച തുക – 112400 രൂപ
ആവശ്യകത വിലയിരുത്താതെ 112400 രൂപ ട്രഷറിയിൽ നിന്നും മുൻകൂറായി

പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചത് ധനവിനിയോഗ മാർഗ്ഗരേഖകളുടെ ലംഘനമാണ്.

ബി. പ്രവൃത്തിയുടെ പൂർത്തീകരണം

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) എന്ന സൈറ്റിലേക്ക് പ്രവൃത്തി പൂർത്തീകരിച്ച 24 പേരുടെ വിവരം മൊബൈൽ അപ്ലിക്കേഷൻ മുഖേന അപ്‌ലോഡ് ചെയ്തിട്ടുള്ളത്. ശുചിത്വ മിഷനിൽ നിന്നും ലഭ്യമാക്കിയ ജിയോ ടാഗ് സ്റ്റേറ്റ് മെന്റ് പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുണ്ട്.

രണ്ട് ഗുണഭോക്താക്കൾക്ക് 20000 രൂപ വീതം അനുവദിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. രവി മൂപ്പൻ, പുല്ലുപാറ
2. പൊന്നുച്ചാമി, പുല്ലുപാറ

മേൽ സൂചിപ്പിച്ച രണ്ട് ഗുണഭോക്താക്കളും സെപ്റ്റി ടാങ്കിനുള്ള കുഴി വരെയുള്ള ഘട്ടം പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും ക്ലോസറ്റ് വെച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെന്ന് 20-9-2017 ന് നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു.

സ.ഉ(സാധാ)നം.1530/16/എൽ.എസ്.ജി.ഡി തിയതി 26-4-2016 പ്രകാരം മൂന്നു ഗഡുക്കളായി തുക അനുവദിക്കാവുന്നതാണ്. ടി ഗുണഭോക്താക്കൾക്ക് 20000 രൂപ നൽകാവുന്നതാണെങ്കിലും പ്രവൃത്തി പൂർത്തീകരണം ഉറപ്പാക്കാതിരുന്നത് മോണിറ്ററിംഗിലെ വീഴ്ചയായി വിലയിരുത്തുന്നു.

ബാങ്ക് അക്കൗണ്ടിന്റെ വിവരം – സിൻഡിക്കേറ്റ് ബാങ്ക് കൈകാട്ടി, അക്കൗണ്ട് നം.44512200043499

അധികം പിൻവലിച്ച വികസന ഫണ്ട് തുകയായ 112400 രൂപ ഉൾപ്പെടെ 132633 രൂപ വി.ഇ.ഒ.യുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ടെന്ന് ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ബോധ്യപ്പെട്ടു.

സി. കേന്ദ്ര വിഹിതം ലഭ്യമായതിന്റെ വിവരം

ഒ.ഡി.എഫ് പദ്ധതിക്കായി ശുചിത്വമിഷൻ മുഖേന 270000 രൂപ കേന്ദ്ര ഫണ്ടായി പിന്നീട് ലഭ്യമായിട്ടുണ്ട്. ടി തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ചെക്ക് നം. | തുക | അക്കൗണ്ട് |
|---|---|---|---|
| 1 | 874697/27.12.16 | 126000 | ടി.എസ്.പി.അക്കൗണ്ട് |
| 2 | 11538/17.3.17 | 144000 | |
| ആകെ | | 270000 | |

തുക നാളിതുവരെ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടില്ല.

ഡി. രേഖകളുടെ സൂക്ഷിപ്പ്

പദ്ധതി നിർവ്വഹണ രേഖകൾ കൃത്യതയോടെ സൂക്ഷിച്ചിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടെയുള്ള രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ഇ. ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പദ്ധതിയുടെ മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.
2. നിർവ്വഹണോദ്യോഗസ്ഥൻെറ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന 132633 രൂപ പലിശ സഹിതം പിൻവലിച്ച് അടിയന്തിരമായി തിരിച്ചടക്കേണ്ടതാണ്.
3. കേന്ദ്ര ഫണ്ട് ഉചിതമായ രീതിയിൽ ചെലവഴിക്കേണ്ടതാണ്.
4. ഗുണഭോക്താക്കളുടെ കൃത്യത ഉറപ്പാക്കാതെ വികസന ഫണ്ട് മുൻകൂറായി അധികം പിൻവലിച്ച് നടപടിക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ വിശദീകരണം നൽകേണ്ടതാണ്.
5. പ്രവൃത്തി പൂർത്തീകരിക്കുവാൻ ബാക്കിയുള്ള രണ്ട് ഗുണഭോക്താക്കൾക്ക് അനുവദിച്ച 40000 രൂപ മോണിറ്ററിംഗ് റിപ്പോർട്ട് ലഭ്യമാക്കുന്നതുവരെ തടസ്സത്തിൽ വെക്കുന്നു.

ഈ വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (14/22.9.17) തൃപ്തികരമായ മറുപടി ലഭ്യമാക്കിയിട്ടില്ല.
തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-8 പി.എച്ച്.സിയിലേക്കുള്ള ലാബ് ഉപകരണങ്ങൾക്കായി മുൻകൂറായി തുക നൽകിയെങ്കിലും ആവശ്യപ്പെട്ട എല്ലാ ഉപകരണങ്ങളും ലഭ്യമായില്ല

പ്രോജക്റ്റ്-132/17 – പി.എച്ച്.സി യിലേക്ക് ലാബ് ഉപകരണങ്ങൾ വാങ്ങൽ

അടങ്കൽ-1000000 (വികസന ഫണ്ട്-859500 + ധനകാര്യ കമ്മീഷൻ ഗ്രാന്റ്-140500 )

ചെലവ് - 229775

ബിൽ നം.-22/16-17/30-3-17

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

അക്കൗണ്ട് നം. 3624001800000037

പദ്ധതി നടത്തിപ്പിൻെറ ഭാഗമായി മേൽ ബിൽ പ്രകാരം പിൻവലിച്ച വികസന ഫണ്ട് കേരള മെഡിക്കൽ സർവ്വീസസ് ലിമിറ്റഡ്, തിരുവനന്തപുരത്തിൻെറ അക്കൗണ്ടിലേക്ക്

ട്രാൻസ്ഫർ ക്രെഡിറ്റായി നല്കിയിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സ് നം.826/17 തിയ്യതി 15.3.17 പ്രകാരം താഴെ പറയുന്ന 10 ഇനം ലാബ് ഉപകരണങ്ങളാണ് ആവശ്യപ്പെട്ടത്.

| ക്രമ. നം. | ഉപകരണം | എണ്ണം | തുക |
|---|---|---|---|
| 1 | ബൈനോകുലർ മൈക്രോസ്കോപ്പ് | 1 | 53907 |
| 2 | ഇൻകുബേറ്റർ | 1 | 26784 |
| 3 | റെഫ്രിജറേറ്റർ | 1 | 40655 |
| 4 | കലോറി മീറ്റർ | 1 | 9769 |
| 5 | സെൻട്രീഫ്യൂജി 8വെൽസ് | 1 | 16628 |
| 6 | ഹീമോഗ്ലോബിനോമീറ്റർ | 1 | 25840 |
| 7 | നീഡിൽ ഡെസ്ട്രോയർ | 1 | 4590 |
| 8 | ഹെമോസൈറ്റോമീറ്റർ | 1 | 2315 |
| 9 | മൈക്രോപൈപെറ്റ് | 1 | 4067 |
| 10 | എയർ കണ്ടീഷണർ | 1 | 45240 |
| ആകെ | | 10 | 229795 |

എന്നാൽ മേൽ പട്ടിക ക്രമ നമ്പർ 1, 2, 3, 4, 6, 7, 10 എന്നിവയിൽ സൂചിപ്പിച്ച 152878 രൂപയുടെ ഉപകരണങ്ങൾ മാത്രമാണ് കെ.എം.എസ്.സി.എൽ നിന്നും നാളിതുവരെയായി പ്രാഥമികാരോഗ്യകേന്ദ്രത്തിന് ലഭ്യമായിട്ടുള്ളത്. ക്രമ നമ്പർ 5, 8, 9, 10 എന്നിവയിൽ സൂചിപ്പിച്ച 68250 രൂപയുടെ ഉപകരണങ്ങൾ ഇനിയും ലഭ്യമാകാനുണ്ട്. നിയമാനുസൃതം ചമയ്ക്കേണ്ട എഗ്രമെന്റ് വെയ്ക്കാതെയാണ് സ്ഥാപനത്തിന് മുൻകൂറായി തുക നൽകിയിട്ടുള്ളത്. മെഡിക്കൽ കോർപ്പറേഷനിൽ അവശേഷിക്കുന്ന തുകയുടെ ഉപകരണങ്ങൾ ലഭ്യമാക്കുന്നതുവരെ 68250 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ ഉപകരണങ്ങൾ സമയബന്ധിതമായി ലഭ്യമാക്കുവാൻ നിർവ്വഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്.
തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം.12/22-9-2017ന് മറുപടി ലഭ്യമായിട്ടില്ല.

## 3-9 കുഴൽകിണർ സ്ഥാപിക്കൽ-ഭൂജല വകുപ്പിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കേണ്ടതാണ്

പ്രോജക്റ്റ് നം-128/17 (പി.എച്ച്.സി പരിസരത്ത് കുഴൽ കിണർ സ്ഥാപിക്കൽ)

അടങ്കൽ-300000

ചെലവ്-224750

ബിൽ നം. 3/10-1-17=1750 & 10/9-3-17=223000

അക്കൗണ്ട് നമ്പർ-714011400000045

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)

പി.എച്ച്.സി പരിസരത്ത് കുഴൽ കിണർ സ്ഥാപിക്കുന്നതിനായി മേൽ ബില്ലുകൾ പ്രകാരം പിൻവലിച്ച 224750 രൂപ ഭൂജല വകുപ്പിന്റെ പാലക്കാട് ഓഫീസിലേക്ക് അക്കൗണ്ട് ട്രാൻസ്ഫർ മുഖേന മാറ്റിയിട്ടുണ്ട്. ടി തുകയിൽ 183323 (1750+181573) രൂപ ചെലവഴിച്ച് പദ്ധതി പൂർത്തീകരിച്ചതായി 29.6.17 ലെ ഡബ്ലിയു.പി.കെ/2211/16 നമ്പർ കത്ത് മുഖേന ഭൂജല വകുപ്പ് അറിയിച്ചിട്ടുണ്ട്. ചെലവഴിക്കാതെ അവശേഷിക്കുന്ന വികസന ഫണ്ട് 41427 രൂപ (224750-183323) ഭൂജല വകുപ്പിൽ നിന്നും നാളിതുവരെ തിരികെ ഈടാക്കിയിട്ടില്ല. തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 13/22.9.17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

# 3-10 പാലിയേറ്റീവ് പരിചരണ പരിപാടി - അവലോകനം

1. പ്രൊജക്ട് നം. 131/17-പാലിയേറ്റീവ് പരിചരണ പരിപാടി
അടങ്കൽ -550000 (വികസന ഫണ്ട്)

ആകെ ചെലവ്-208615

2. പ്രൊജക്ട് നം. 20/17-പാലിയേറ്റീവ് പരിചരണ പരിപാടി
അടങ്കൽ -178900 (വികസന ഫണ്ട്)

ആകെ ചെലവ്-100000

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

ഗുരുതരമായ രോഗം ബാധിച്ചവർക്ക് ആരോഗ്യവകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് രോഗികൾക്ക് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുവാനായി സ.ഉ(സാധാ)നം. 3217/2015 /തസ്വഭവ തിയതി 29-10-2015 പ്രകാരം പുതുക്കിയ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

വീടുകൾ കേന്ദ്രീകരിച്ചുകൊണ്ടുള്ള ഹോം കെയർ സംവിധാനമാണ് പ്രധാന പ്രവർത്തനം. ആയതിനായി ഗ്രാമ പഞ്ചായത്തിന്റെ തൻവർഷത്തെ വിഹിതമായി വകയിരുത്തിയ 728900 (550000+178900) രൂപയിൽ 308615 (208615+100000) രൂപ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പുരേഖകളുടെ പരിശോധനയിന്മേലുള്ള നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

എ. ചെലവു വിവരങ്ങൾ

| വികസനഫണ്ട് ബിൽ നം., തിയതി | തുക |
|---|---|
| 1/31-10-2016 | 71100 |
| 2/11-11-2016 | 100000 |
| 4/17-1-17 | 22000 |
| 5/19-1-17 | 20000 |
| 9/6-3-17 | 16000 |
| 17/24-3-17 | 5000 |
| 18/24-3-17 | 20000 |
| 19/30-3-17 | 54515 |
| ആകെ | 308615 |

2017 മാർച്ച് 31 വരെയുള്ള കണക്ക പ്രകാരം പാലിയേറ്റീവ് കെയർ നോമിനൽ രജിസ്റ്ററിൽ ആകെ 102 പേർ രജിസ്റ്റർ ചെയ്യുകയും, അതിൽ ഗൃഹപരിചരണം ആവശ്യമായ 40 പേരെ ഫോളോഅപ്പ് ഹോം കെയർ രജിസ്റ്ററിൽ രേഖപ്പെടുത്തുകയും ഗൃഹപരിചരണം തുടർന്നു വരുകയും ചെയ്യുന്നുണ്ട്. രോഗാവസ്ഥയനുസരിച്ച് ചില രോഗികളെ എല്ലാ ദിവസവും ചിലരെ ആഴ്ചയിൽ 2 മുതൽ 4 തവണയും എല്ലാ രോഗികളേയും മാസത്തിൽ ഒരു തവണയും വീട്ടുകൾ സന്ദർശിച്ച് പരിചരണ പ്രവർത്തനങ്ങൾ നടത്തുകയും ആയത് പ്രതിമാസ യോഗങ്ങളിൽ വിശകലനം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.

പാലിയേറ്റീവ് രോഗി ബന്ധു സംഗമം, റാലി, പാലിയേറ്റീവ് ദിനാചരണം വിവിധ സംഘടനകൾ, വ്യക്തികൾ മുതലായവരുടെ സംഭാവന മുഖേന നിർദ്ധനരായ കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനകിറ്റ് വിതരണം, ഓണകിറ്റ് വിതരണം, എന്നീ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

ബി. ഓഡിറ്റ് നിരീക്ഷണങ്ങൾ

i) പാലിയേറ്റീവ് കെയർ നിർവഹണ കമ്മിറ്റിയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്

പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ ഖണ്ഡിക 2.4 പ്രകാരം പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റിയുടെ (പി.ഐ.സി) രൂപീകരണം, കമ്മിറ്റിയിലെ അംഗങ്ങൾ, കമ്മിറ്റിയുടെ ചുമതലകൾ എന്നിവ സംബന്ധിച്ച വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പി.ഐ.സി എല്ലാ മാസവും 5 -ാം തിയതിക്ക മുമ്പായി യോഗം ചേർന്ന് പാലിയേറ്റീവ് കെയർ നിർവ്വഹണം

വിലയിരുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും സമയപരിധി പാലിക്കുന്നില്ല. രജിസ്റ്ററുകളുടെ പരിശോധനയിൽ തൻവർഷം ആകെ 2 മീറ്റിംഗ് മാത്രമാണ് നടന്നിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. പാലിയേറ്റീവ് കെയർ പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിന് പ്രവർത്തനത്തോടൊപ്പം തന്നെ മോണിറ്ററിംഗ് സംവിധാനവും ശക്തമാക്കേണ്ടതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി(പി.എം.സി), പാലിയേറ്റീവ് കെയർ നിർവ്വഹണ കമ്മിറ്റി എന്നിവയുടെ യോഗങ്ങൾ കൃത്യമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

2. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കുകയും രേഖകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

3. പാലിയേറ്റീവ് പരിചരണ പദ്ധതി തുടർന്നുവരുന്നതിനാൽ വാഹന വാടകയിനത്തിൽ ചെലവഴിക്കുന്ന ഭീമമായ തുക കുറവു ചെയ്യുന്നതിനായി പൊതുജനങ്ങളുടെ സഹകരണത്തോടെയോ സന്നദ്ധസംഘടനകളുടെ സഹായത്തോടെയോ ഒരു വാഹനം ലഭ്യമാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്. 29-10-2015 ലെ സ.ഉ (സാധാ) നം. 3217/2015 /തസ്വഭവ ഉത്തരവിൽ വാഹനം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് പ്രകാരം തുടർനടപടകൾ സ്വീകരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൻെറ കീഴിലുള്ള ആബുലൻസ് ഉപയോഗരഹിതമായി പഞ്ചായത്ത് പരിസരത്ത് സൂക്ഷിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ആയത് ഫലപ്രദമായി ഈ ആവശ്യത്തിന് ഉപയോഗപ്പെടുത്തുന്നതിനുള്ള സാധ്യത ഗ്രാമപഞ്ചായത്ത് പരിശോധിക്കേണ്ടതാണ്.

4. പദ്ധതി നടത്തിപ്പിൽ പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾക്കായുള്ള പുതുക്കിയ മാർഗ്ഗരേഖ സ.ഉ(സാധാ)നം. 3217/2015/തസ്വഭവ തിയതി 29-10-2015 ലെ നിർദ്ദേശങ്ങൾ കർശനമായും പാലിക്കേണ്ടതാണ്.

തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-11 ആയുർവേദ ആശുപത്രിയിലേക്കുള്ള മരുന്നുകൾ ലഭ്യമാകുന്നതിലെ കൃത്യത ഉറപ്പാക്കേണ്ടതാണ്

പ്രൊജക്ട് നം. - 172/2017

അടങ്കൽ - 200000 (മെയ്ന്റനൻസ് ഗ്രാന്റ്-റോഡിതരം)

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ആയുർവേദം)

ചെലവ് - 200000 രൂപ

ആയുർവേദ ആശുപത്രിയിലേക്കാവശ്യമായ മരുന്നുകൾ ലഭ്യമാകുന്നതിലെ കൃത്യത

പരിശോധിക്കുവാനാണ് ഓഡിറ്റ് ലക്ഷ്യമിട്ടത്. ആയതനുസരിച്ച് നടത്തിയ പരിശോധനയിൽ മരുന്നുകളുടെ ഇൻവോയ്സിൽ ഓരോ മരുന്നുകളും രണ്ടു തവണ വീതം തെറ്റായി രേഖപ്പെടുത്തി ഔഷധി കൂടുതൽ തുക കൈപ്പറ്റിയതായി കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ബിൽ നമ്പർ

1. 2/16-17/22-3-2017=200000

2016-17 സാമ്പത്തിക വർഷത്തിൽ ആയുർവേദ ആശുപത്രിയിലേക്ക് ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മനേജിംഗ് ഡയറക്ടർ, ഔഷധി, തൃശ്ശൂരിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് 200000/- രൂപ നല്കിയിട്ടുണ്ട്. 81 ഇനം മരുന്നുകളാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെട്ടിരുന്നത് .

ഇൻവോയിസ് നമ്പർ 5136/31.3.17 പ്രകാരം 74 ഇനം മരുന്നുകൾക്ക് 179598 രൂപ വിലയായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇൻവോയ്സിൽ ഓരോ ഇനം മരുന്നും രണ്ടു തവണ വീതം രേഖപ്പെടുത്തിയാണ് ബിൽ തുക കണക്കാക്കിയിട്ടുള്ളതെന്ന് പരിശോധനയിൽ കണ്ടെത്തി. യഥാർത്ഥത്തിൽ 37 ഇനം മരുന്നുകളാണ് ഉൾപ്പെട്ടിട്ടുള്ളത്. 37 ഇനങ്ങളിൽ ഇൻവോയ്സിൽ സൂചിപ്പിച്ചിട്ടുള്ള 500 ഗ്രാമിന്റെ 231 രൂപ നിരക്കുള്ള ഹിഞ്ചുവാദി ചൂർണ്ണം 4 എണ്ണവും (ആകെ 924), 38 രൂപ നിരക്കുള്ള ചന്ദനാസവം 450ml 18 എണ്ണവും യഥാർത്ഥത്തിൽ വിതരണം ചെയ്തിട്ടില്ല (ആകെ - 684).

ആകെ ബിൽ തുക – 179598

ഇരട്ടിപ്പ് ഒഴിവാക്കിയുള്ള 37 ഇനങ്ങളുടെ വില – 89799

37 ഇനങ്ങളിൽ ലഭ്യമാകാത്ത 2 ഇനം മരുന്നുകളുടെ വില – 1608 (924+684)
യഥാർത്ഥത്തിൽ 88191 രൂപയുടെ 35 ഇനം മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ 179598 രൂപയുടെ മരുന്നുകൾ വിതരണം ചെയ്തതായി ഔഷധിയുടെ കണക്കുകൾ സൂചിപ്പിക്കുന്നു. ബില്ലിലെ തെറ്റായ രേഖപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ അധികമായി 91407 രൂപ ഔഷധി ഈടാക്കിയിട്ടുള്ളതായി ഓഡിറ്റ് കണ്ടെത്തുകയും ഓഡിറ്റ് അന്വേഷണം (5/18.9.17) നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ ഓഫീസർ ടി അപാകത ഔഷധിയെ അറിയിക്കുകയും തെറ്റ് തിരുത്തി നല്കുകയും ചെയ്തിട്ടുണ്ട്.
മുൻകൂറായി അനുവദിച്ച 200000 രൂപയിൽ ലഭ്യമായ 88191 രൂപയുടെ മരുന്ന് കഴിച്ച് ബാക്കി 111809 രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ വിവരം അറിയിക്കേണ്ടതാണ്.
ബില്ലുകൾ ലഭ്യമാകുമ്പോൾ തന്നെ കൃത്യത ഉറപ്പാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-12 ടി.എച്ച്.ആർ.എസ് ഭക്ഷ്യമിശ്രിതം ലാബ് റിപ്പോർട്ട് ലഭ്യമായില്ല

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യോഗസ്ഥയായി ഒരു പോഷകാഹാര പരിപാടി മാത്രമാണ് തൻവർഷം നടപ്പിലാക്കിയിട്ടുള്ളത്. പോഷകാഹാര പരിപാടിക്കായി വികസനഫണ്ടിൽ നിന്നും 928662 രൂപയും കേന്ദ്രഫണ്ടിൽ നിന്നും 294111 രൂപയും തൻവർഷം ചെലവഴിച്ചിട്ടുണ്ട്.

പോഷകാഹാരത്തിനായി ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളിലെ കുട്ടികൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങുന്ന ഭക്ഷ്യമിശ്രിതം രണ്ട് മാസത്തിലൊരിക്കൽ വീതം ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുവാനും ഐ.സി.ഡി.എസ്.ബി.3-312/2010 തിയ്യതി 5.6.10, 1.2.10 തിയ്യതികളിലെ കത്തുകളിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ ഭക്ഷ്യമിശ്രിതത്തിൻെറ സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിലേക്ക് പരിശോധയ്ക്കായി അയക്കുന്നുണ്ടെങ്കിലും ലാബ് റിപ്പോർട്ടുകൾ യഥാസമയം ലഭ്യമാകുന്നില്ല എന്നു കാണുന്നു. ലാബ് റിപ്പോർട്ട് ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 അസിസ്റ്റന്റ് എഞ്ചിനിയറുടെ പദ്ധതി നടത്തിപ്പ്-അവലോകനം

അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടത്തുവാൻ ലക്ഷ്യമിട്ട് 2016-17 വർഷത്തിൽ അംഗീകാരം ലഭ്യമാക്കിയ 102 പ്രവൃത്തികളിൽ 26 പ്രവൃത്തികളുടെ നിർവ്വഹണം മാത്രമാണ് ആരംഭിച്ചത്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട 40849434 രൂപയിൽ 9154461 രൂപ മാത്രമാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത് (22%).

നടപ്പാക്കിയ പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ ഇനം | എണ്ണം |
|---|---|---|
| 1 | കുടിവെള്ള പദ്ധതി | 2 |
| 2 | റോഡ് മെറ്റലിംഗ്/ കോൺക്രീറ്റ് | 16 |
| 3 | റോഡ് ടാറിംഗ്/ റീടാറിംഗ് | - |
| 4 | ഡ്രൈനേജ് | 3 |
| 5 | പാർശ്വഭിത്തി | 2 |

| | | |
|---|---|---|
| 6 | കെട്ടിടം | 3 |
| ആകെ | | 26 |

2016-17 വർഷത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ രേഖകളുടെ പരിശോധനയിൽ കണ്ടെത്തിയ പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1. സ്പിൽ ഓവർ പ്രവൃത്തികളുടെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.
2. മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിൽ കരാറുകാർക്ക് അയയ്ക്കുന്ന സെലക്ഷൻ നോട്ടീസ് കൃത്യമായി സൂക്ഷിക്കുന്നില്ല. ഭരണസമിതി ടെണ്ടർ അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും രേഖപ്പെടുത്തുന്നില്ല.
3. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടറുകൾ ഭരണ സമിതി അംഗീകരിച്ച തിയതിയും തീരുമാനം നമ്പറും ചേർക്കുന്നില്ല.
4. കാലഹരണപ്പെട്ട എഗ്രിമെന്റ് വ്യവസ്ഥകൾ ഒഴിവാക്കിയിട്ടില്ല.

നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും സ്ഥല ലഭ്യതയും കണക്കിലെടുത്ത് മാത്രം പ്രൊജക്ടുകൾ ആവിഷ്കരിക്കുവാനും ആയവ സമയബന്ധിതമായി നടപ്പിലാക്കി പരമാവധി തുക ചെലവഴിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

മരാമത്ത് പ്രവൃത്തികളുടെ ഫയലിൽ ആവശ്യമായ എല്ലാ രേഖകളും കൃത്യമാക്കി സൂക്ഷിക്കേണ്ടതാണ്.

## 3-14 എഗ്രിമെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഭാഗികമായി മാത്രം ഈടാക്കി പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകി

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയർ കരാറുകാരുമായി ഒപ്പുവെച്ച എഗ്രിമെന്റ് വ്യവസ്ഥ നം. 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവർത്തി പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ അഞ്ചിലൊന്നു സമയം (20%) കൂടി പിഴ കൂടാതെ പ്രവൃത്തി തുടരുവാൻ അനുവദിക്കാവുന്നതാണ്. അതിൽ കൂടുതൽ വരുന്ന 3 മാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തികൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ 2%

പിഴ ചുമത്തികൊണ്ടും മാത്രമേ കാലാവധി നീട്ടി നൽകാവൂ എന്ന് വ്യവസ്ഥയുണ്ട്.

താഴെ പറയുന്ന പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി പിഴ ഈടാക്കാതെ ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

കേശവൻ പാറ ജംഗ്ഷൻ നവീകരണം രണ്ടാം ഘട്ടം

| | |
|---|---|
| പ്രൊ.നം. 111/16 | അടങ്കൽ- 325000 രൂപ<br>കരാർ തുക - 325000രൂപ |
| എഗ്രിമെന്റ് നം. - 28/20-8-2015 | |
| ചെലവ് - 325000 രൂപ | ബിൽ നം.15/ 26-12-2016 |
| കരാറുകാരൻ - ശ്രീമതി. സോണി സെബാസ്റ്റ്യൻ | അളവ് പുസ്തകം നം. 18/15-16 |

31-3-2016 ന് പൂർത്തീകരിക്കേണ്ടിയിരുന്ന പ്രവൃത്തി, കരാറുകാരന് അസുഖമായതിനാൽ, 15-9-2016 വരെ ദീർഘിപ്പിച്ച നൽകുവാൻ കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് കാലാവധി ദീർഘിപ്പിച്ച നൽകിയിട്ടുണ്ട്. പിഴ ഈടാക്കിയപ്പോൾ നിബന്ധന അനുസരിച്ചുള്ള തുക ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| എഗ്രിമെന്റ് തിയതി | 20-8-2015 |
| പ്രവൃത്തി പൂർത്തീകരിക്കേണ്ടിയിരുന്ന തിയതി | 31-3-2016 |
| യഥാർത്ഥത്തിൽ പൂർത്തീകരിച്ച തിയതി | 3-9-2016 |
| ഈടാക്കേണ്ടിയിരുന്ന പിഴ | 20.08.2015 മുതൽ 31-3-2016 വരെ 224*20/100 – 45 ദിവസം ഗ്രേസ് പിരീഡ്<br>16-5-2016 മുതൽ 15-8-2016 വരെ - 325000 *1/100 = 3250<br>16-8-2016 മുതൽ 3-9-2016 വരെ - 325000 *2/100 * 19/90 = 1372<br>ആകെ - 4622 |
| ഈടാക്കിയത് | 3250 |
| ഈടാക്കുവാൻ ബാക്കിയുള്ള പിഴ | 1372 രൂപ |

അസിസ്റ്റന്റ് എഞ്ചിനിയറുടെ ഉത്തരവാദിത്തത്തിൽ കരാറുകാരിൽ നിന്നും തുക

ഈടാക്കി തനത് ഫണ്ടിൽ ഒടുക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം.8/20-9-2017 ന് മറുപടി ലഭ്യമായിട്ടില്ല.

# 3-15 വനം വകുപ്പിൽ നിന്നുള്ള അംഗീകാരം ലഭ്യമാക്കിയതിനു ശേഷം മാത്രം പ്രവൃത്തികൾ നടത്തേണ്ടതാണ്

2016-17 വർഷത്തിൽ കേശവൻ പാറയിൽ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി താഴെ പറയുന്ന രണ്ട് പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. 110/16-കേശവൻപാറ ജംഗ്ഷൻ വിപുലീകരണം-ഒന്നാം ഘട്ടം

അടങ്കൽ -499000

ചെലവ് - 494010

ബിൽ നം. 12/26-12-2016

2. 1. 111/16-കേശവൻപാറ ജംഗ്ഷൻ വിപുലീകരണം-രണ്ടാം ഘട്ടം

അടങ്കൽ -325000

ചെലവ് - 325000

ബിൽ നം. 15/26-12-2016

വനം വകുപ്പിന്റെ കെട്ടിടങ്ങൾ ഉൾപ്പെടുന്ന പദ്ധതി പ്രദേശത്ത് പ്രവൃത്തികൾ ചെയ്യുന്നതിനുമുമ്പായി വനം വകുപ്പിന്റെ സമ്മതം വാങ്ങിയതായി കാണുന്നില്ല. ആവശ്യമായ എല്ലാ അനുമതി പത്രങ്ങളും ഉണ്ടെന്ന് ഉറപ്പാക്കിയതിനു ശേഷം മാത്രം ഇത്തരം പ്രവൃത്തികൾ ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം.19/22-9-2017 ന് മറുപടി ലഭ്യമായില്ല. 22-9-2017 ന് നടന്ന എക്സിറ്റ് മീറ്റിംഗിൽ ഇക്കാര്യം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

# 3-16 മറ്റ് സ്ഥാപനങ്ങളിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കാതെ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് ഒഴിവാക്കേണ്ടതാണ്

ഓറഞ്ച് ഫാം അങ്കണവാടി മട്ടം റോഡ് നിർമ്മാണ പ്രവൃത്തിക്കായി 20-8-2015 ന് കരാർ നൽകിയെങ്കിലും ഓറഞ്ച് ഫാമിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാകുവാൻ വൈകിയതിനാൽ പ്രവൃത്തി പൂർത്തീകരണം 23-2-2017 വരെ നീണ്ടു പോയതായി

പരിശോധനയിൽ കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

അടങ്കൽ - 335000

എഗ്രിമെന്റ് നം. 30/20-8-2015

കരാറുകാരൻ - ശ്രീ.സോണി സെബാസ്റ്റ്യൻ

ചെലവ് - 334967

ബിൽ നം. 17/9-3-2017

അളവു പുസ്തകം നം. 20/15-16

പ്രവൃത്തി പൂർത്തീകരിച്ച തിയതി - 23-2-2017

ഓറഞ്ച് ഫാമിൽ നിന്നുള്ള അനുമതിപത്രം ലഭ്യമായിട്ടുള്ളത് 19-1-2017 നാണ്. ആയതിനു ശേഷം പ്രവൃത്തി ആരംഭിച്ചതിനാൽ പൂർത്തീകരണം വൈകിയിട്ടുണ്ട്.

സ്ഥല ലഭ്യതയും മറ്റ് വകുപ്പുകളിൽ നിന്നുള്ള അനുമതി പത്രവും ലഭ്യമാക്കിയതിനു ശേഷം മാത്രം മരാമത്ത് പ്രവൃത്തികൾ ഏറ്റെടുക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം നിയമ പ്രശ്നങ്ങൾ ഉണ്ടാകുവാനുള്ള സാധ്യതയുണ്ട്. പദ്ധതി രൂപീകരണ വേളയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഭരണസമിതിയുടേയും നിർവ്വഹണ ഉദ്യോഗസ്ഥന്റേയും പ്രത്യേക ശ്രദ്ധയും ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. 8/20-9-2017 ന് മറുപടി ലഭ്യമായില്ല.

# 3-17 മരാമത്ത് പ്രവൃത്തികൾക്ക് ഒന്നിൽ കൂടുതൽ ടെണ്ടറുകൾ ലഭ്യമായിട്ടും റീടെണ്ടർ ചെയ്യുവാൻ തീരുമാനിച്ചത് ക്രമപ്രകാരമല്ല

14-2-2017 തിയതിയിൽ 24 പ്രവൃത്തികൾക്കായി നടത്തിയ ടെണ്ടറിൽ 12 പ്രവൃത്തികൾക്ക് ടെണ്ടറുകൾ സമർപ്പിക്കപ്പെട്ടില്ല. ബാക്കി 12 പ്രവൃത്തികളിൽ 8 എണ്ണത്തിന് ഒരു ടെണ്ടർ വീതവും 4 എണ്ണത്തിന് രണ്ട് ടെണ്ടർ വീതവും ലഭ്യമായിട്ടുണ്ട്. 16-2-2017 ലെ പഞ്ചായത്തിന്റെ തീരുമാനം നം. 1 പ്രകാരം കോൺട്രാക്ടർമാരുടെ മതിയായ പ്രാതിനിധ്യം ലഭ്യമാകാതിരുന്ന സാഹചര്യം കമ്മിറ്റി വിലയിരുത്തുകയും മത്സരം ഇല്ലാതിരുന്നിട്ടും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ വളരെ കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്യുന്നത് പ്രവൃത്തികളുടെ ഗുണമേന്മയെ ബാധിക്കുമെന്ന് കമ്മിറ്റി ആശങ്ക പ്രകടിപ്പിക്കുകയും ടി ദർഘാസുകൾ ഇപ്പോൾ അംഗീകരിക്കേണ്ടതില്ല എന്ന് തീരുമാനിക്കുകയും ചെയ്തു. 4-3-2017 ലെ I(2)/16-17 നം. തീരുമാനം പ്രകാരം 14-2-2017 ലെ എല്ലാ ടെണ്ടർ നടപടികളും റദ്ദ് ചെയ്യുവാനും റീടെണ്ടർ ചെയ്യുവാനും തീരുമാനിച്ചു.

4 പ്രവൃത്തികൾക്ക് രണ്ട് ടെണ്ടറുകൾ വീതം ലഭ്യമായിട്ടുണ്ടെങ്കിലും ആയത് റീടെണ്ടറിൽ ഉൾപ്പെടുത്തിയത് ഉചിതമായില്ല എന്ന് വിലയിരുത്തുന്നു. ഈ നാല് പ്രവൃത്തികൾക്കും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്തിരുന്നത് ശ്രീ.ഷാജി.വി.ഇ എന്ന കരാറുകാരനാണ്. ഈ തീരുമാനത്തിനെതിരെ ശ്രീ.ഷാജി.വി.ഇ ബഹു. ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ടിയാനെ തുടർന്നുള്ള ടെണ്ടറിൽ പങ്കെടുപ്പിക്കുവാനും മുമ്പ് ഒടുക്കിയ ഇ.എം.ഡി പുതിയ ടെണ്ടറിൽ ക്രമീകരിച്ചു നൽകുവാനും ബഹു.ഹൈക്കോടതി ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ശ്രീ.ഷാജിയുടെ ടെണ്ടർ ഉൾപ്പെട്ടിരുന്ന 5 പ്രവൃത്തികൾ ഒഴികെയുള്ള എല്ലാ പ്രവൃത്തികളും ഉൾപ്പെടുത്തി 25-3-2017 ന് 55 പ്രവൃത്തികൾ ടെണ്ടർ ചെയ്തിട്ടുണ്ട്. ഈ 5 പ്രവൃത്തികളും നാളിതുവരെ ടെണ്ടർ ചെയ്തിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങൾ വൈകിയതിനാൽ എല്ലാ പ്രവൃത്തികളും സ്പിൽ ഓവർ ആക്കുകതിനാൽ തൻവർഷത്തെ ചെലവ് ശതമാനം വളരെ കുറയുകയും ചെയ്തു.
മരാമത്ത് പ്രവൃത്തികൾ അംഗീകരിക്കുന്നതിനു മുമ്പായി സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് തീരുമാനമെടുക്കുവാനും തുടർന്നുള്ള നിയമപ്രശ്നങ്ങൾ ഒഴിവാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

സിംഗിൾ ടെണ്ടറുകളുടെ കാര്യത്തിൽ സ.ഉ(പി)നം.324/2015/ഫിൻ തിയതി 30-7-2015 പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിലെ നിർദ്ദേശങ്ങൾ പാലിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.
ഈ വിഷയത്തിന്മേലുള്ള ഓഡിറ്റ് അന്വേഷണം നം. 19/22-9-2017ന് മറുപടി ലഭ്യമായില്ല.

# 3-18 ഗ്രാമപഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച ഫണ്ടിന്റേയും യഥാർത്ഥ ചെലവിന്റേയും വിവരം താഴെ ചേർക്കുന്നു.

എ. ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട് മെന്റ് | തൻവർഷ വരവ് | ചെലവ് | യഥാർത്ഥ ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 21834000 | 7928143 | 7928143 | 27 |
| വികസനഫണ്ട് എസ്.സി.പി | 3746000 | 75000 | 75000 | 2 |

| | | | | |
|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി | 2679000 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 4182000 | 1169776 | 1169776 | 22 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 5742000 | 1697404 | 1697404 | 13 |
| 14-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13443000 | 5461683 | 5461683 | 29 |
| പെർഫോമൻസ് ഗ്രാന്റ് | 149127 | 149127 | 149127 | 100 |

വളരെ പരിമിതമായ തുക മാത്രമാണ് തൻവർഷം വിവിധ ശീർഷകങ്ങളിൽ ചെലവഴിച്ചിട്ടുള്ളത്. എസ്.സി.പി, ടി.എസ്.പി ഫണ്ടുകൾ കാര്യക്ഷമമായി ചെലവഴിക്കുവാൻ സാധിക്കാത്ത സ്ഥിതിവിശേഷവും നിലനിൽക്കുന്നുണ്ട്.

ബി. ആവിഷ്കരിച്ച പദ്ധതികളുടെ വിവരം

156 പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് അംഗീകാരം ലഭ്യമാക്കിയതിൽ 54 എണ്ണം മാത്രമാണ് തൻവർഷം നടപ്പിലാക്കുവാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടുള്ളത്.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് ആവിഷ്കരിച്ച പ്രൊജക്റ്റുകളുടെ എണ്ണവും നടപ്പിലാക്കിയതിന്റെ വിവരവും താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് |
|---|---|---|
| വെറ്ററിനറി സർജ്ജൻ | 2 | 0 |
| മെഡിക്കൽ ഓഫീസർ-PHC | 7 | 6 |
| മെഡിക്കൽ ഓഫീസർ-ISM | 1 | 1 |
| വി.ഇ.ഒ | 4 | 2 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 6 | 5 |
| സെക്രട്ടറി | 29 | 13 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 102 | 26 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 |
| അസി.സെക്രട്ടറി | 4 | 0 |
| ആകെ | 156 | 54 |

വെറ്ററിനറി സർജ്ജൻ, അസി. സെക്രട്ടറി, കൃഷി ഓഫീസർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ തൻവർഷം പദ്ധതി പ്രവർത്തനങ്ങളിൽ പങ്കാളികളായിട്ടില്ല. അസി. എഞ്ചിനിയർ 25% പ്രൊജക്റ്റുകൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്.

## സി. ഗ്രാമസഭകളുടെ യോഗം

13 വാർഡുകളുള്ള ഗ്രാമപഞ്ചായത്തിൽ 2016-17ൽ രണ്ട് ഗ്രാമസഭകൾ വീതമാണ് വിളിച്ചു ചേർത്തിട്ടുള്ളത്. 10 വാർഡുകളിലെ ഗ്രാമസഭാ മിനിറ്റ്സുകൾ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. മിനിറ്റ്സുകളിൽ യോഗ നടപടിക്രമങ്ങൾ, അജണ്ടകൾ, തീർമാനങ്ങൾ, ഗ്രാമസഭയിൽ പങ്കെടുത്തവർ എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യോഗത്തിന്റെ കൺവീനർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഗ്രാമസഭകളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് | വോട്ടർമാരുടെ എണ്ണം | യോഗ തിയതി | ഗ്രാമസഭയിൽ പങ്കെടുത്തവരുടെ എണ്ണം |
|---|---|---|---|---|
| 1 | 1 | മിനിറ്റ്സുകൾ ഹാജരാക്കിയില്ല | | |
| 2 | 2 | | | |
| 3 | 3<br>ആനമട | 257 | 31-7-16<br>12-2-17 | 44<br>30 |
| 4 | 4<br>കോട്ടയങ്ങാടി | 321 | 31-7-16<br>11-2-17 | 55<br>46 |
| 5 | 5<br>ചന്ദ്രാമല | 525 | 9-8-16<br>14-2-17 | 35<br>74 |
| 6 | 6<br>മീരഫ്ലോറസ് | 541 | 31-7-16<br>14-2-17 | 46<br>46 |
| 7 | 7<br>വിക്ടോറിയ | 196 | 3-8-16<br>14-2-17 | 34<br>35 |
| 8 | 8<br>ഓറിയന്റൽ | 255 | 7-8-16<br>12-2-17 | 34<br>30 |
| 9 | 9<br>കാരപ്പാറ | 206 | 7-8-16<br>12-2-17 | 30<br>33 |
| 10 | മിനിറ്റ്സ് ഹാജരാക്കിയില്ല | | | |
| 11 | 11 | 303 | 7-8-16 | 32 |

| | | | | |
|---|---|---|---|---|
| | നൂറടി | | 9-3-17 | 40 |
| 12 | 12 കുനംപാലം | 457 | 5-8-16<br>13-2-17 | 71<br>79 |
| 13 | 13 മണലാരു | 309 | 4-8-16<br>13-2-17 | 44<br>55 |

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 3 പ്രകാരം മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭാ യോഗം ചേരേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. 2016-17 ൽ രണ്ട് പ്രാവശ്യം മാത്രമെ യോഗം ചേർന്നിട്ടുള്ളൂ. സ്രക്കുലർ നമ്പർ 22675/എൽ3/99 ത.സ്വ.ഭ.വ തിയതി 3-8-2004 പ്രകാരം ഒരു വാർഡ് മെമ്പർ താൻ കൺവീനറായിരിക്കുന്ന ഗ്രാമസഭാ യോഗം മൂന്ന് മാസത്തിലൊരിക്കൽ വിളിച്ച് കൂട്ടുന്നതിൽ വീഴ്ച്ച വരുത്തിയാൽ മെമ്പർ സ്ഥാനത്ത് തുടരാൻ അയോഗ്യനായി തീരുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ പഞ്ചായത്ത് രാജ് നിയമത്തിന് അനുസൃതമായ ഗ്രാമസഭാ യോഗങ്ങൾ ചേരുവാനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്.

മിനിറ്റ്സുകളിൽ ചർച്ചകളുടേയും തീരുമാനങ്ങളുടേയും വിശദാംശങ്ങളും കൃത്യമായി എഴുതി ചേർക്കുന്നില്ല. മിനിറ്റ്സുകളുടെ സൂക്ഷിപ്പിൽ കൃത്യത പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡി. കർമ്മ സമിതികളുടെ പ്രവർത്തനം

| ക്രമ നം. | കർമ്മ സമിതിയുടെ പേര് | കൺവീനർ | യോഗ തിയതി |
|---|---|---|---|
| 1 | പൊതുമരാമത്ത് (ഊർജ്ജം, വൈദ്യുതി) | അസിസ്റ്റന്റ് എഞ്ചിനിയർ | 24-7-2016 |
| 2 | ആരോഗ്യവും വിദ്യാഭ്യാസവും | മെഡിക്കൽ ഓഫീസർ | 28-9-2016 |
| 3 | വിദ്യാഭ്യാസം, സംസ്കാരം, കല, കായിക വികസനം യുവജന ക്ഷേമം | ഹെഡ്മാസ്റ്റർ | 28-9-16<br>14-3-17 |
| 4 | ക്ഷേമകാര്യം, ദാരിദ്ര്യ ലഘൂകരണം | കുടുംബശ്രീ മെമ്പർ സെക്രട്ടറി | 14-3-17<br>18-4-17 |
| 5 | ചെറുകിട വ്യവസായം | വി.ഇ.ഒ | 25-7-16<br>14-3-17 |
| 6 | പട്ടിക ജാതി / പട്ടിക വർഗ്ഗ വികസനം | വി.ഇ.ഒ/ അസിസ്റ്റന്റ് സെക്രട്ടറി | 24-7-16 |

| | | | |
|---|---|---|---|
| | | | 14-3-17 |
| 7 | സ്ത്രീകളുടെയും കുട്ടികളുടെ വികസനം | ഐ.സി.ഡി.എസ്. സൂപ്പർവൈസ്രാ | 28-9-16 |
| 8 | ധനകാര്യം | | 24-7-16 |
| 9 | സാമൂഹ്യക്ഷേമം- വൃദ്ധർ, ശാരീരിക മാനസ്സിക വെല്ലുവിളികൾ നേരിടുന്നവരുൾപ്പെടെ | ഐ.സി.ഡി.എസ്. സൂപ്പർവൈസ്രാ | 28-9-16 |
| 10 | കുടിവെള്ളം ശുചിത്വം | അസിസ്റ്റന്റ് എഞ്ചിനിയർ | 28-9-17<br>14-3-17 |
| 11 | മൃഗ സംരക്ഷണവും, ക്ഷീര വികസനവും | വെറ്ററിനറി സർജ്ജൻ | 28-9-17 |
| 12 | കൃഷി | - | - |

കർമ്മസമിതികൾ കൃത്യമായി യോഗം ചേർന്ന് അതാത് മേഖലകളിലെ പ്രശ്നങ്ങൾ കാര്യക്ഷമമായി വിലയിരുത്തുന്നില്ല. പല കർമ്മസമിതികളും ഒരു തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. ഗ്രാമപഞ്ചായത്തിന്റെ സാഹചര്യത്തിന് യോജിച്ച് പദ്ധതികൾ ചർച്ച ചെയ്യുന്നതിനുള്ള ശ്രമവും ഉണ്ടായിട്ടില്ല. കർമ്മസമിതികളുടെ മേൽനോട്ട നിയന്ത്രണ ചുമതല വഹിക്കുന്ന വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിച്ചിട്ടില്ല. ആയതിനാൽ ആവിഷ്കരിക്കപ്പെട്ട പല പദ്ധതികളും നടപ്പിലാക്കുവാൻ സാധിക്കാതെ വരികയും ഫണ്ട് വിനിയോഗം പരിമിതമാവുകയും ചെയ്തു. കർമ്മസമിതികളും സ്റ്റാന്റിംഗ് കമ്മിറ്റികളും പദ്ധതി ആസൂത്രണത്തിൽ കുറേക്കൂടി കാര്യക്ഷമത പ്രകടിപ്പിക്കേണ്ടതാണ്.

ഇ. പ്രൊജക്റ്റുകൾ നടപ്പലാക്കുന്നതിനുള്ള പരിമിതികൾ

പൊതു റോഡുകൾ കുറവുള്ള ഗ്രാമപഞ്ചായത്തിൽ ധാരാളം റോഡ് നിർമ്മാണ പ്രവൃത്തികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും ആയവ നടപ്പിലാക്കുവാൻ സാധിക്കാതെ വരുന്നതുമൂലം ചെലവ് ശതമാനം കുറയുവാനിടയാക്കുന്നു. വനഭൂമിയും, സ്വകാര്യ എസ്റ്റേറ്റുകളും ധാരാളമായുള്ള പഞ്ചായത്ത് പ്രദേശത്ത് പദ്ധതികൾ നടപ്പിലാക്കുന്നതിൽ നിയന്ത്രണങ്ങളുമുണ്ട്. സ്വന്തമായ സ്ഥലത്ത് താമസിക്കുന്നവരുടെ എണ്ണം കുറവായതിനാൽ വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള പദ്ധതികൾ പരിമിതമായി മാത്രമാണ് ഏറ്റെടുക്കുവാൻ സാധിക്കുന്നുള്ളൂ. അനുവദിക്കപ്പെടുന്ന വികസന ഫണ്ടും മെയ്ന്റനൻസ് ഗ്രാന്റും ചെലവഴിക്കുവാൻ സാധിക്കുന്ന വിധത്തിൽ പദ്ധതികൾ മാത്രം ആവിഷ്കരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. പശ്ചിമ ഘട്ട മലനിരകളുടെ ഭാഗമായ നെല്ലിയാമ്പതിയുടെ പ്രത്യേക സാഹചര്യം പരിഗണിച്ചുള്ള പദ്ധതികൾ മാത്രം ആസൂത്രണം ചെയ്യേണ്ടതാണ്.

വികസന ഫണ്ട് ചെലവഴിക്കുന്നതിനെ പ്രായോഗിക പ്രശ്നങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള ശ്രമവും ഗ്രാമപഞ്ചായത്ത് നടത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഈ ആവശ്യത്തിനായി തൻവർഷം തുകയൊന്നും ലഭ്യമായിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ വൈദ്യുതി ബോർഡിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 202450 രൂപ മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ചതിന്റെ വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| ഭൂജല വകുപ്പ് | 128/15-പി.എച്ച്.സി പരിസരത്ത് കുഴൽകിണർ സ്ഥാപിക്കൽ | 3/10-1-2017<br>10/9-3-2017<br>(മെഡിക്കൽ ഓഫീസർ-പി.എച്ച്.സി) | 1750<br>223000<br>-----------<br>224750 | 181573 | പൂർത്തീകരിച്ചു | 41427 |
| വൈദ്യുതി ബോർഡ് | 194/17-തെരുവു വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ | 40/30-3-2017<br>(സെക്രട്ടറി) | 202450 | വിനിയോഗ വിവരം ലഭ്യമായിട്ടില്ല | | |
| ആകെ | | | 427200 | | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് ഒന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം താഴെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-7 | 2011-12 | 2.7 | പഴം സംസ്കരണ കേന്ദ്രം നിഷ്ക്രിയം | ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല. |
| 2015-16 | അവലോകനം | 2015-16 | ജില്ലാതല അവലോകനം | കമ്പ്യൂട്ടർ വത്കരണം | ബഹു. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി വിഷയം പരിഗണിച്ചിട്ടില്ല. |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 25612640 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 25529122 |
| വരവിനങ്ങളിലുള്ള നഷ്ടം | 10044 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30222 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 249843 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-2 | 10044 | - | ശ്രീ.രാജു.പി, സെക്രട്ടറി |
| 3-2 | - | 28850 | ശ്രീ.രാജു.പി, സെക്രട്ടറി |
| 3-14 | - | 1372 (Fine) | ശ്രീ.വി.എച്ച്.അബ്ദുൾ കരീം അസി.എഞ്ചിനിയർ |
| ആകെ | 10044 | 30222 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 141593 | ശ്രീ.കൃഷ്ണകുമാർ.സി.എസ്, സെക്രട്ടറി (ഇൻചാർജ്ജ്) |
| 3-7 | 40000 | ശ്രീ.എസ്.പ്രഭുറാം, വി.ഇ.ഒ |
| 3-8 | 68250 | ഡോ.ജെ.സജു, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) |
| ആകെ | 249843 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഒന്നുമില്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഒന്നുമില്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക ൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാജു.പി, സെക്രട്ടറി | വിരമിച്ചു | ശ്രീ.രാജു.പി,<br>തൊട്ടീൽ പറമ്പിൽ വീട്,<br>കുറ്റൂർ (പി.ഒ), തിരുവല്ല,<br>പത്തനംതിട്ട-689106 |
| ശ്രീ.വി.എച്ച്.അബ്ദുൾ കരീം<br>അസി.എഞ്ചിനിയർ | അസി.എഞ്ചിനിയർ,<br>നെന്മാറ ഗ്രാമപഞ്ചായത്ത് | വലിയവീട്ടിൽ,<br>കുറുമല (പി.ഒ), ചേലക്കര,<br>തൃശ്ശൂർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി12-428/07/5-9-2007 | 4 |
| 1997-98 | എൽ.എഫ്.പി10-1745/01/2-8-2011 | 6 |
| 1998-99 | എൽ.എഫ്.പി12-430/07/12-9-2007 | 11 |
| 1999-2000 | എൽ.എഫ്.പി12-1279/07/4-5-2007 | 8 |
| 2000-2001 | എൽ.എഫ്.പി12-432/07/12-9-2007 | 13 |

| | | |
|---|---|---|
| 2001-2002 | എൽ.എഫ്.പി12-433/07/22-10-2007 | 11 |
| 2002-2003 | എൽ.എഫ്.പി12-434/07/12-10-2007 | 14 |
| 2003-2004 | എൽ.എഫ്.പി12-435/07/12-10-2007 | 10 |
| 2004-2005 | എൽ.എഫ്.പി18-984/10/10-1-2012 | 17 |
| 2005-2006 | എൽ.എഫ്.പി18-985/10/10-1-2012 | 13 |
| 2006-2007 | എൽ.എഫ്.പി18-986/10/10-1-2012 | 11 |
| 2007-2008 | എൽ.എഫ്.പി18-987/10/10-1-2012 | 10 |
| 2008-2009 | എൽ.എഫ്.പി18-1620/13/3-12-2013 | 12 |
| 2009-2010 & 2010-2011 | എൽ.എഫ്.പി18-1620/13/3-12-2013 | 22 |
| 2011-2012 | എൽ.എഫ്.പി18-1248/13/3-12-2013 | 17 |
| 2012-13 | എൽ.എഫ്.പി18-634/15/8-7-2015 | 13 |
| 2013-14 &2014-15 | എൽ.എഫ്.പി18-1009/2016/14-7-2016 | 16 |
| 2015-16 | കെ.എസ്.എ-പികെഡി18/121/17/31-1-2017 | 8 |

തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്

# അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം. കെ.എസ്.എ-പികെഡി11/1814/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി -17-10-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷ്യപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ നെല്ലിയാമ്പതി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. വാർഷിക ധനകാര്യപത്രികയിലെ വസ്തുനികുതി ഡിമാന്റ്, കുടിശ്ശിക ഡിമാന്റ് തുകകൾ സഞ്ചയ സോഫ്റ്റ്വെയർ മുഖേന തയ്യാറാക്കിയ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
2. തൊഴിൽ നികുതി രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.
3. വാടക രജിസ്റ്ററിലെ തുകകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ സംക്ഷിപ്തം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

5. മുൻകൂർ രജിസ്റ്റർ ഹാജരാക്കിയില്ല.

6. ആസ്തിമൂല്യം കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം യഥാർത്ഥ ആസ്തിമൂല്യവുമായി പൊരുത്തപ്പെടുന്നില്ല.

7. ബജറ്റ് ഫങ്ക്ഷൻ, ഫങ്ക്ഷണറി അടിസ്ഥാനത്തിൽ തയ്യാറാക്കുന്നുണ്ടെങ്കിലും സാംഖ്യയുമായി ബന്ധിപ്പിച്ചിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD18/1814/2017

Kerala State Audit Department

District Audit Office

Palakkad

Date –17-10-2017

## Audit Certificate

Certified that I have audited the Annual Financial Statement of Nelliyampathi Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Nelliyampathi Gramapanchayat for the year 2016-17 except the observations attached with this certificate properly presents the picture of income and expenditure.

Deputy Director

## Abstract of Defects

1. Arrear and current demand, collection, balance amounts of Property Tax shown in AFS not in agreement with data prepared by Sanchaya Software.
2. Figures of Profession Tax register not reconciled with AFS and certified by the Secretary.
3. Figures of rent register not reconciled with AFS and certified by the Secretary.
4. Abstract not recorded in the Building permit register and certifed by the Secretary.
5. Advance register not produced.
6. Asset values not updated and linked with Sankhya. Hence Balance sheet does not reflects actual value of assets.

7. Even though the Budget is prepared on Function, Functionary basis, it is not linked with Sankhya.

Deputy Director